# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

# കയ്യൂർ ചീമേനി ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2020-2021




**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

**ജില്ലാ ഓഡിറ്റ് കാര്യാലയം**

**കാസറഗോഡ്-671123**

**ഇ-മെയിൽ: doksd.ksad@kerala.gov.in**

**ഫോൺ : 04994-256690**

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ-കെ.എസ്.ഡി 10/702/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കാസറഗോഡ്-671123
തീയ്യതി: 23/11/2021
ഇ-മെയിൽ: doksd.ksad@kerala.gov.in
ഫോൺ: 04994-256690

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കയ്യൂർ ചീമേനി ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : കയ്യൂർ ചീമേനി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കയ്യൂർ ചീമേനി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കാസർഗോഡ്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ-കെ.എസ്.ഡി 10/702/2021 തീയ്യതി: 23/11/2021

## കാസർഗോഡ് ജില്ലയിലെ കയ്യൂർ ചീമേനി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

**(1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കാസർഗോഡ് ജില്ലയിലെ കയ്യൂർ ചീമേനി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2019 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 16 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 7 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| അജിതൻ.ടി.എൻ | ഡെപ്യൂട്ടി ഡയറക്ടർ | 24-09-2021 | 08-10-2021 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 24-09-2021 | 08-10-2021 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

വിനോദ് കുമാർ.സി (ഓഡിറ്റ് ഓഫീസർ)
തോമസ്.കെ (അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ)
സുനിൽ കുമാർ.എം (സീനിയർ ഗ്രേഡ് ഓഡിറ്റർ)
ബിന്ദു.വി.വി (ഓഡിറ്റർ)
ഹരി വേണുഗോപാലൻ. കെ.വി (ഓഡിറ്റർ)

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| കെ.ശകുന്തള | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| അഡ്മിനിസ്ട്രേറ്റീവ് കമ്മറ്റി | സെക്രട്ടറി | 12-11-2020 | 29-12-2020 |
| കെ.പി.വത്സലൻ | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| കൃഷ്ണ കുമാർ ടി എ | സെക്രട്ടറി | 01-04-2020 | 31-01-2021 |
| മേഘനാഥൻ.പി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-02-2021 | 14-02-2021 |
| കൃഷ്ണ കുമാർ ടി എ | സെക്രട്ടറി | 15-02-2021 | 10-03-2021 |
| മേഘനാഥൻ.പി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 11-03-2021 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| അബ്ദുള്ള. ഇ.പി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2020 | 12-06-2020 |
| വിനോദ്.സി.വി | അസിസ്റ്റന്റ് സെക്രട്ടറി (ഇൻ ചാർജ്ജ്) | 13-06-2020 | 06-08-2020 |
| മേഘനാഥൻ.പി | അസിസ്റ്റന്റ് സെക്രട്ടറി | 07-08-2020 | 31-03-2021 |
| രമേശൻ കുറുവാട്ടിൽ | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2020 | 06-05-2020 |
| നാരായണൻ.കെ.വി | അസിസ്റ്റന്റ് എഞ്ചിനിയർ | 07-05-2020 | 31-03-2021 |
| രേഷ്മ കെ പി | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ശോഭ. പി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2020 | 15-11-2020 |
| അനുമോൾ.പി..ജെ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 16-11-2020 | 31-03-2021 |
| ചാക്കോ.പി.എ | വില്ലേജ് എക്സ്റ്റൻഷൻ | 01-04-2020 | 26-02-2021 |

| | | | |
|---|---|---|---|
| | ഓഫീസർ ചീമേനി സർക്കിൾ | | |
| സുരേഷ് കുമാർ .എം | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ചീമേനി സർക്കിൾ (അധിക ചുമതല) | 27-02-2021 | 31-03-2021 |
| സുരേഷ് കുമാർ .എം | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ കയ്യൂർ സർക്കിൾ | 01-04-2020 | 31-03-2021 |
| രമേശൻ.പി.വി | പ്രധാനാധ്യാപകൻ | 01-04-2020 | 31-03-2021 |
| ഡോ.അഖിൽ രാഗ് .ആർ | വെറ്ററിനറി സർജ്ജൻ | 01-04-2020 | 31-03-2021 |
| ഡോ.അരുൺ കുമാർ | മെഡിക്കൽ ഓഫീസർ അലോപ്പതി | 01-04-2020 | 31-03-2021 |
| ഡോ.പ്രിയ.കെ | മെഡിക്കൽ ഓഫീസർ ആയുർവ്വേദം | 01-04-2020 | 01-02-2021 |
| ഡോ.ശ്രീജ.എസ്.എൽ | മെഡിക്കൽ ഓഫീസർ ആയുർവ്വേദം | 02-02-2021 | 10-02-2021 |
| ഡോ.നീലകണ്ഠൻ. എ) | മെഡിക്കൽ ഓഫീസർ ആയുർവ്വേദം | 11-02-2021 | 15-03-2021 |
| ഡോ.ശ്രീജ.എസ്.എൽ | മെഡിക്കൽ ഓഫീസർ ആയുർവ്വേദം | 16-03-2021 | 31-03-2021 |
| ഡോ.മുജീബ് റഹ്മാൻ.സി.എച്ച് | മെഡിക്കൽ ഓഫീസർ ഹോമിയോ | 01-04-2020 | 31-03-2021 |
| മനോജ് കുമാർ കെ.പി | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2020 | 31-03-2021 |
| പോൾ | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 01-04-2020 | 31-03-2021 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Sunilkumar. M (Senior Grade Auditor, On 06-10-2021)<br>Last Updated By: T.N.Ajithan (Deputy Director, On 16-11-2021) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ<br>Written By: Sunilkumar. M (Senior Grade Auditor, On 09-10-2021)<br>Last Updated By: Sunilkumar. M (Senior Grade Auditor, On 09-10-2021) | 1-2 |
| 3 | മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്)- സ്രോതസ്സിൽ നിന്നും കുറവു ചെയ്ത തുക വരുമാനക്കണക്കിൽ ചേർത്തിട്ടില്ല.<br>Written By: Sunilkumar. M (Senior Grade Auditor, On 09-10-2021)<br>Last Updated By: T.N.Ajithan (Deputy Director, On 15-10-2021) | 1-2-1 |
| 4 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. വാർഷിക ഭൗതിക പരിശോധന നടത്തുന്നില്ല.<br>Written By: Sunilkumar. M (Senior Grade Auditor, On 09-10-2021)<br>Last Updated By: T.N.Ajithan (Deputy Director, On 16-11-2021) | 1-2-2 |
| 5 | ഇ-ടെണ്ടർ ബിഡ് സമർപ്പണ ഫീസിനത്തിൽ ലഭിക്കാനുള്ള തുക ആസ്തിയായി രേഖപ്പെടുത്തിയിട്ടില്ല.<br>Written By: Sunilkumar. M (Senior Grade Auditor, On 09-10-2021)<br>Last Updated By: T.N.Ajithan (Deputy Director, On 15-10-2021) | 1-2-3 |
| 6 | സാമ്പത്തിക വിശകലനം<br>Written By: Sunilkumar. M (Senior Grade Auditor, On 06-10-2021)<br>Last Updated By: Sunilkumar. M (Senior Grade Auditor, On 06-10-2021) | 1-3 |
| 7 | വിവിധ ഗ്രാന്റുകളുടെ വിനിയോഗം<br>Written By: Thomas. K (Asst. Audit Officer, On 04-10-2021)<br>Last Updated By: T.N.Ajithan (Deputy Director, On 15-10-2021) | 1-4 |
| 8 | പദ്ധതി അവലോകനം.<br>Written By: Thomas. K (Asst. Audit Officer, On 04-10-2021)<br>Last Updated By: T.N.Ajithan (Deputy Director, On 16-11-2021) | 1-5 |
| 9 | തൊഴിലുറപ്പ് പദ്ധതി<br>Written By: Vinoth Kumar C (Audit Officer, On 06-10-2021)<br>Last Updated By: Vinoth Kumar C (Audit Officer, On 06-10-2021) | 1-6 |
| 10 | ക്ഷേമ പദ്ധതികൾക്കായി തൻവർഷം വിനിയോഗിച്ച തുകയുടെ വിശദാംശം<br>Written By: Thomas. K (Asst. Audit Officer, On 06-10-2021)<br>Last Updated By: Thomas. K (Asst. Audit Officer, On 06-10-2021) | 1-7 |
| 11 | ക്യാഷ് ബാലൻസ് പരിശോധന<br>Written By: Bindu.V.V (Auditor, On 07-10-2021)<br>Last Updated By: Bindu.V.V (Auditor, On 07-10-2021) | 1-8 |
| 12 | ആഭ്യന്തര നിയന്ത്രണം<br>Written By: Vinoth Kumar C (Audit Officer, On 09-10-2021)<br>Last Updated By: Vinoth Kumar C (Audit Officer, On 01-11-2021) | 1-9 |
| 13 | തൊഴിൽ നികുതി - അപാകതകൾ<br>Written By: Hari Venugopalan K V (Auditor, On 08-10-2021)<br>Last Updated By: T.N.Ajithan (Deputy Director, On 16-11-2021) | 1-10 |
| 14 | ലൈസൻസ്- അപാകതകൾ<br>Written By: Sunilkumar. M (Senior Grade Auditor, On 08-10-2021)<br>Last Updated By: T.N.Ajithan (Deputy Director, On 15-10-2021) | 1-11 |
| 15 | ഇ ടെണ്ടർ - ബിഡ് സമർപ്പണ ഫീസ് ഗ്രാമ പഞ്ചായത്തിന് ലഭിച്ചില്ല<br>Written By: Vinoth Kumar C (Audit Officer, On 09-10-2021)<br>Last Updated By: T.N.Ajithan (Deputy Director, On 15-10-2021) | 1-12 |

| | | |
|---|---|---|
| 16 | കെട്ടിടനിർമ്മാണ പൂർത്തീകരണം- നമ്പർ അനുവദിച്ച കെട്ടിടത്തിൽ അനധികൃത നിർമ്മാണങ്ങളും മറ്റ് അപാകതകളും<br>Written By: Sunilkumar. M (Senior Grade Auditor, On 09-10-2021)<br>Last Updated By: T.N.Ajithan (Deputy Director, On 17-11-2021) | 1-13 |
| 17 | ഫോമുകളും രജിസ്റ്ററുകളും ലഭിക്കുവാൻ അവശേഷിക്കുന്നു.<br>Written By: Thomas. K (Asst. Audit Officer, On 08-10-2021)<br>Last Updated By: T.N.Ajithan (Deputy Director, On 15-10-2021) | 1-14 |
| 18 | ഔദ്യോഗിക ആവശ്യത്തിനുള്ള ഫോമുകൾ, രജിസ്റ്ററുകൾ എന്നിവയുടെ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിപ്പ് -അപാകതകൾ<br>Written By: Thomas. K (Asst. Audit Officer, On 08-10-2021)<br>Last Updated By: T.N.Ajithan (Deputy Director, On 15-10-2021) | 1-15 |
| 19 | ആർജിത അവധി സറണ്ടർ അനുവദിച്ചതിലെ- അപാകത.<br>Written By: Vinoth Kumar C (Audit Officer, On 09-10-2021)<br>Last Updated By: T.N.Ajithan (Deputy Director, On 15-10-2021) | 1-16 |
| 20 | ഇ ടെണ്ടർ അക്കൗണ്ട് - ഇ-ടെണ്ടറിന്റെ സൈറ്റുമായി മാപ്പ് ചെയ്തിട്ടില്ല.<br>Written By: Vinoth Kumar C (Audit Officer, On 09-10-2021)<br>Last Updated By: T.N.Ajithan (Deputy Director, On 15-10-2021) | 1-17 |
| 21 | തുല്യത പഠനം - വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല<br>Written By: Hari Venugopalan K V (Auditor, On 08-10-2021)<br>Last Updated By: Hari Venugopalan K V (Auditor, On 08-10-2021) | 1-18 |
| 22 | ലൈഫ് ഭവന പദ്ധതി<br>Written By: Hari Venugopalan K V (Auditor, On 08-10-2021)<br>Last Updated By: T.N.Ajithan (Deputy Director, On 16-10-2021) | 1-19 |
| 23 | അക്രഡിറ്റ് ഏജൻസിക്ക് കരാറുകാരന്റെ ലാഭവിഹിതം അനുവദിച്ചു- അധികം നൽകിയ തുക തിരികെ ഈടാക്കണം.<br>Written By: Vinoth Kumar C (Audit Officer, On 09-10-2021)<br>Last Updated By: T.N.Ajithan (Deputy Director, On 16-10-2021) | 1-20 |
| 24 | പ്രവൃത്തി പൂർത്തീകരണത്തിലെ കാലതാമസത്തിനു ചുമത്തിയ പിഴ - തുക പിൻവലിച്ച് ഗ്രാമ പഞ്ചായത്തിന്റെ സേവിങ്ങ്സ് അക്കൗണ്ടിൽ നിക്ഷേപിച്ചു.<br>Written By: Vinoth Kumar C (Audit Officer, On 09-10-2021)<br>Last Updated By: T.N.Ajithan (Deputy Director, On 10-11-2021) | 1-21 |
| 25 | തൊഴിലുറപ്പ് പദ്ധതി മെറ്റീരിയൽ വാങ്ങിയത്- കരാറുകാരിൽ നിന്നും നികുതികൾ ഈടാക്കിയിട്ടില്ല.<br>Written By: Vinoth Kumar C (Audit Officer, On 09-10-2021)<br>Last Updated By: T.N.Ajithan (Deputy Director, On 17-10-2021) | 1-22 |
| 26 | കള്ളപ്പാത്തി പൊതു ശ്മശാനം -നടത്തിപ്പ് മാർഗരേഖ തയ്യാറാക്കിയില്ല.<br>Written By: Vinoth Kumar C (Audit Officer, On 09-10-2021)<br>Last Updated By: T.N.Ajithan (Deputy Director, On 17-10-2021) | 1-23 |
| 27 | അംഗനവാടി പൂരക പോഷകാഹാരം പദ്ധതികൾ : മോണിട്ടറിംഗ് ഫലപ്രദമല്ല<br>Written By: Sunilkumar. M (Senior Grade Auditor, On 09-10-2021)<br>Last Updated By: T.N.Ajithan (Deputy Director, On 08-11-2021) | 1-24 |
| 28 | ഹോമിയോ ആശുപത്രിയിലേയ്ക്ക് മരുന്നു വാങ്ങൽ - മുഴുവൻ തുകയ്ക്കുള്ള മരുന്ന് ലഭ്യമായില്ല<br>Written By: Sunilkumar. M (Senior Grade Auditor, On 09-10-2021)<br>Last Updated By: T.N.Ajithan (Deputy Director, On 17-10-2021) | 1-25 |

| | | |
|---|---|---|
| 29 | വിവിധ പട്ടിക ജാതി കോളനികളിൽ തെരുവ് വിളക്ക് സ്ഥാപിക്കൽ - സ്ഥാപിച്ചതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല<br>Written By: Bindu.V.V (Auditor, On 10-10-2021)<br>Last Updated By: T.N.Ajithan (Deputy Director, On 17-10-2021) | 1-26 |
| 30 | പട്ടികജാതി കുടുംബങ്ങൾക്ക് പി.വി.സി വാട്ടർ ടാങ്ക് -അപാകതകൾ<br>Written By: Bindu.V.V (Auditor, On 10-10-2021)<br>Last Updated By: T.N.Ajithan (Deputy Director, On 08-11-2021) | 1-27 |
| 31 | കോവിഡ് ഫസ്റ്റ് ലൈൻ ട്രീറ്റ്മെന്റ് സെന്റർ പ്രവർത്തനം -അവലോകനം<br>Written By: Thomas. K (Asst. Audit Officer, On 10-10-2021)<br>Last Updated By: Vinoth Kumar C (Audit Officer, On 01-11-2021) | 1-28 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| --- No Records Found --- | | |
| **ഭാഗം 4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Thomas. K (Asst. Audit Officer, On 03-10-2021)<br>Last Updated By: Thomas. K (Asst. Audit Officer, On 03-10-2021) | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Thomas. K (Asst. Audit Officer, On 03-10-2021)<br>Last Updated By: T.N.Ajithan (Deputy Director, On 18-10-2021) | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Thomas. K (Asst. Audit Officer, On 03-10-2021)<br>Last Updated By: T.N.Ajithan (Deputy Director, On 18-10-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിക്കുവാൻ അവശേഷിക്കുന്നത്<br>Written By: Thomas. K (Asst. Audit Officer, On 03-10-2021)<br>Last Updated By: Thomas. K (Asst. Audit Officer, On 03-10-2021) | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ്<br>Written By: Thomas. K (Asst. Audit Officer, On 03-10-2021)<br>Last Updated By: T.N.Ajithan (Deputy Director, On 18-10-2021) | 4-5 |
| 6 | സ്ഥിര നിക്ഷേപങ്ങൾ<br>Written By: Thomas. K (Asst. Audit Officer, On 03-10-2021)<br>Last Updated By: Thomas. K (Asst. Audit Officer, On 03-10-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Thomas. K (Asst. Audit Officer, On 03-10-2021)<br>Last Updated By: Thomas. K (Asst. Audit Officer, On 03-10-2021) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം<br>Written By: Thomas. K (Asst. Audit Officer, On 03-10-2021)<br>Last Updated By: Thomas. K (Asst. Audit Officer, On 03-10-2021) | 4-8 |
| 9 | ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം<br>Written By: Thomas. K (Asst. Audit Officer, On 03-10-2021)<br>Last Updated By: Thomas. K (Asst. Audit Officer, On 03-10-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Thomas. K (Asst. Audit Officer, On 03-10-2021)<br>Last Updated By: T.N.Ajithan (Deputy Director, On 08-11-2021) | 4-10 |
| 11 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Thomas. K (Asst. Audit Officer, On 03-10-2021)<br>Last Updated By: T.N.Ajithan (Deputy Director, On 17-11-2021) | 4-11 |

| അനുബന്ധം | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |
| 3 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് |
| 4 | റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ് |
| 5 | ബാലൻസ് ഷീറ്റ് |

# ഭാഗം -1

## 1-1 ബജറ്റ്

2020-21 വർഷത്തെ ബജറ്റ് , പുതുക്കിയ ബജറ്റ് എന്നിവ അംഗീകരിച്ചതിന്റെ വിവരം

| ഇനം | ബജറ്റ് | പുതുക്കിയ ബജറ്റ് |
|---|---|---|
| ഭരണ സമിതി തീരുമാനം , തിയതി | 1/1<br>13.3.2020 | 3/1<br>15.2.2021 |
| മുന്നിരിപ്പ് | 6561863 | 12785309 |
| വരവ് | 202595000 | 185900000 |
| ആകെ | 209156863 | 198685309 |
| ചെലവ് | 205829560 | 190356779 |
| നീക്കിയിരിപ്പ് | 3327303 | 8328530 |

## 1-2 വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ

ഗ്രാമ പഞ്ചായത്തിന്റെ 2020-21 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി വാർഷിക ധനകാര്യ പത്രിക വിശദമായി പരിശോധിച്ചു. വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ ഉപ ഖണ്ഡികകളായി ചുവടെ ചേർക്കുന്നു.

### 1-2-1 മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്)- സ്രോതസ്സിൽ നിന്നും കുറവു ചെയ്ത തുക വരുമാനക്കണക്കിൽ ചേർത്തിട്ടില്ല.

മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് രണ്ടാം ഗഡു അലോട്ട്മെന്റിൽ നിന്ന് (ജി.ഒ.(ആർടി)നം. 4444/ 2020/ ഫിൻ, തിയതി 03.08.2020) ₹50,803/- രൂപ വോട്ടിംഗ് മെഷീന്റെ ചെലവിനത്തിൽ സ്രോതസ്സിൽ നിന്നും കുറവ് ചെയ്തിട്ടുണ്ട്. എന്നാൽ ഈ തുക 160100402 – Maintenenace Fund Non Road എന്ന വരുമാനക്കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. കൂടാതെ ജി.ഒ. പ്രൊജക്റ്റ് തയ്യാറാക്കി പ്രസ്തുത ചെലവ് സുലേഖയിൽ ക്രമീകരിച്ചിട്ടില്ല.

### 1-2-2 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. വാർഷിക ഭൗതിക പരിശോധന നടത്തുന്നില്ല.

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. 2019-20, 2020-21 വർഷങ്ങളിലെ വിവരങ്ങൾ ഉൾപ്പെടുത്തി ആസ്തി രജിസ്റ്ററിൽ പുതുക്കലുകൾ വരുത്തുകയോ കാലികമാക്കുകയോ ചെയ്തിട്ടില്ല. സചിത്ര സോഫ്റ്റ് വെയറിലെ വിവരങ്ങളും കാലികമല്ല. തന്മൂലം ആസ്തി രജിസ്റ്റർ ഓഡിറ്റിന് ആധികാരികമായി ആശ്രയിക്കാനാവില്ല. 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 58 പ്രകാരം ഓരോ വർഷാന്ത്യത്തിലും സെക്രട്ടറി സ്ഥിര ആസ്തികളുടെ ഭൗതിക പരിശോധന നടത്തേണ്ടതാണ്. എന്നാൽ ഇത്തരത്തിലുള്ള നടപടികൾ സെക്രട്ടറി സ്വീകരിച്ചിട്ടില്ല.

### 1-2-3 ഇ-ടെണ്ടർ ബിഡ് സമർപ്പണ ഫീസിനത്തിൽ ലഭിക്കാനുള്ള തുക ആസ്തിയായി രേഖപ്പെടുത്തിയിട്ടില്ല.

ഇ – ടെണ്ടർ ബിഡ് സമർപ്പണ ഫീസിനത്തിൽ ജില്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസിൽ നിന്നും ഗ്രാമ പഞ്ചായത്തിന് ലഭിക്കാനുള്ള തുക ഡിമാന്റ് ചെയ്ത് ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റിലെ I-5(B) ഷെഡ്യൂളിൽ ഉൾപ്പെടുത്തുകയോ, ബാലൻസ് ഷീറ്റിലെ B-15 ഷെഡ്യൂളിൽ അദർ റെസീവബിൾസ് (കറന്റ്) എന്ന ഹെഡ്ഡിൽ ആസ്തിയായി രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല.

## 1-3 സാമ്പത്തിക വിശകലനം

(വാർഷിക ധനകാര്യ പത്രികയിലെ രസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവ് ചെലവ് വിവരങ്ങൾ)

| വർഷം | 2020-21 |
|---|---|
| മുന്നിരിപ്പ് | 19420051 |
| വരവ് | 85837745 |
| ആകെ | 105257796 |
| ചെലവ് | 92840701 |
| നീക്കിയിരിപ്പ് | 12417095 |

## 1-4 വിവിധ ഗ്രാന്റുകളുടെ വിനിയോഗം

**എ) ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം) (2020-21)**

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക | ചെലവ് % |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 16616250 | 16616250 | 16616250 | 0 | 100 |
| വികസനഫണ്ട് എസ്.സി.പി. | 0 | 2405718 | 2405718 | 2397375 | 8343 | 99.7 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 909125 | 909125 | 887000 | 22125 | 97.6 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 12667000 | 12667000 | 12667000 | 0 | 100 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 5023000 | 5023000 | 5023000 | 0 | 100 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 13611845 | 13611845 | 10740423 | 2871422 | 79 |
| ധനകാര്യ കമ്മീഷൻ പെർഫോമൻസ് ഗ്രാന്റ് | 0 | 6490000 | 6490000 | 2717661 | 3772339 | 41.9 |
| ആകെ | 0 | 57722938 | 57722938 | 51048709 | 6674229 | 88.43 |

(വികസനഫണ്ട് സ്രോതസ്സിൽ നിന്ന് കുറവ് ചെയ്ത ₹ 24,96,605/- (ജനറൽ) ,₹14,627/- (എസ്.സി.പി) ₹50,803/- (മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ്) എന്നീ തുകകൾ മേൽ പട്ടികയിൽ വരവിലും ചെലവിലും ഉൾപ്പെടുത്തിയിട്ടുണ്ട്.)

**ബി) ഫണ്ട് വിനിയോഗം രസീപ്റ്റ് &പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം**

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 14119645 | 14119645 | 14119645 | 0 |
| വികസനഫണ്ട് എസ്.സി.പി. | 0 | 2382748 | 2382748 | 2382748 | 0 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 887000 | 887000 | 887000 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 12667000 | 12667000 | 12667000 | 0 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 4972197 | 4972197 | 4972197 | 0 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 10740423 | 10740423 | 10740423 | 0 |
| ധനകാര്യ കമ്മീഷൻ പെർഫോമൻസ് ഗ്രാന്റ് | 0 | 2717661 | 2717661 | 2717661 | 0 |
| **ബി ഫണ്ട്** | | | | | |
| തൊഴിൽ രഹിത വേതനം | 0 | 0 | 0 | 0 | 0 |
| വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായം | 0 | 420000 | 420000 | 420000 | 0 |
| തൊഴിലുറപ്പ് - 100 ദിന ഇൻസെന്റീവ് | 0 | 133000 | 133000 | 133000 | 0 |
| ടി.എസ്.ബി. ജനറൽ പർപ്പസ് അക്കൗണ്ട് * | 9500632 | 12510118 | 22010750 | 21010750 | 1000000 |
| സംയുക്ത പദ്ധതി (ബ്ലോക്ക് പഞ്ചായത്ത്) | 926543 | 2111521 | 3038064 | 3028098 | 9966 |
| സംയുക്ത പദ്ധതി (ജില്ലാ പഞ്ചായത്ത്) | 1117193 | 5219578 | 6336771 | 6319578 | 17193 |
| **കേന്ദ്രാവിഷ്കൃത പദ്ധതി** | | | | | |
| തൊഴിലുറപ്പ് പദ്ധതി | 413715 | 1292652 | 1706367 | 835149 | 871218 |
| ഐ.സി.ഡി.എസ് കേന്ദ്ര വിഹിതം | 139070 | 994601 | 1133671 | 443640 | 690031 |
| പൈക്ക | 90097 | 2475 | 92572 | 0 | 92572 |
| എസ്.എസ്.എ | 4595 | 0 | 4595 | 0 | 4595 |
| സമ്പൂർണ്ണ ശുചിത്വ പദ്ധതി TSC | 483008 | 0 | 483008 | 483008 | 0 |
| ദേശീയ വികലാംഗ പുനരധിവാസ പദ്ധതി | 150000 | 0 | 150000 | 0 | 150000 |
| **സംസ്ഥാനാവിഷ്കൃത പദ്ധതി** | | | | | |
| വിമുക്തി | 28200 | 0 | 28200 | 0 | 28200 |
| ബഡ്സ് സ്കൂൾ | 0 | 786750 | 786750 | 0 | 786750 |
| ലൈഫ് പദ്ധതി സംസ്ഥാന വിഹിതം | 0 | 700000 | 700000 | 700000 | 0 |
| ലൈഫ് പദ്ധതി വായ്പ | 0 | 880000 | 880000 | 880000 | 0 |
| ശുചിത്വ മിഷൻ | 2171665 | 2948475 | 5120140 | 960715 | 4159425 |
| കോവിഡ് CFLTC ഗ്രാന്റ് | 0 | 1000000 | 1000000 | 1000000 | CFLTC മാനേജിംഗ് കമ്മറ്റിക്ക് കൈമാറി |
| കോവിഡ് ഗ്രാന്റ് | 0 | 46200 | 46200 | 46200 | 0 |
| അഗതി രഹിത കേരളം ചലഞ്ച് ഫണ്ട് | 0 | 1819845 | 1819845 | 1819845 | CDS ന് കൈമാറി |
| അങ്കണവാടി നെയിം ബോർഡ് | 0 | 81000 | 81000 | 81000 | 0 |
| ഇലക്ഷൻ ബൂത്ത് തയ്യാറാക്കൽ .. | 0 | 62000 | 62000 | 62000 | 0 |

**കുറിപ്പ് :** 1) ജനറൽ പർപ്പസ് ഗ്രാന്റ് ഇനത്തിൽ തൻ വർഷം 1,11,03,993/- രൂപയാണ് വരവ് . പ്രസ്തുത അക്കൗണ്ടിൽ തനത് ഫണ്ട് വരവിനങ്ങളും, മറ്റ് പലവിധ വരവ് ഇനങ്ങളും ഉൾപ്പെടുന്നതിനാൽ , പ്രസ്തുത ടി.എസ്.ബി അക്കൗണ്ടിലെ മൊത്തം വരവ് ചെലവുകൾ മേൽ പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

2) തൊഴിലുറപ്പ് പദ്ധതി തൊഴിലാളികളുടെ വേതനം, സാധന സാമഗ്രികളുടെ വില എന്നീയിനങ്ങളിൽ 2020-21 വർഷം 5,36,05,744/- രൂപ ഗുണഭോക്താക്കളുടെ അക്കൗണ്ടിലേയ്ക്ക് നേരിട്ട് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. രസീപ്റ്റ് & പേയ്മെന്റ് പത്രികയിൽ ഉൾപ്പെടാത്തതിനാൽ ആയത് മേൽ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

3) വിവിധ ക്ഷേമ പെൻഷൻ ഇനങ്ങളിലായി 2020-21 വർഷം 5,82,37,800/- രൂപ ഗുണഭോക്താക്കളുടെ അക്കൗണ്ടിലേയ്ക്ക് നേരിട്ട് ട്രാൻസ്ഫർ (DBT) ചെയ്തിട്ടുണ്ട്. രസീപ്റ്റ് & പേയ്മെന്റ് പത്രികയിൽ ഉൾപ്പെടാത്തതിനാൽ മേൽ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 1-5 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം .

| അംഗീകാരം ലഭിച്ചത് (എണ്ണം) | അടങ്കൽ | നടപ്പാക്കിയത് | ചെലവ് | ഭാഗീകമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|---|---|
| 222 | 112635946 | 169 | 73209998 | - | 53 | 76.12 |

നിർവ്വഹണോദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണം സംബന്ധിച്ച സംക്ഷിപ്ത വിവരം

| ക്രമ നം | നിർവ്വഹണ ഉദ്യോഗസ്ഥൻ | അംഗീകരിച്ച പദ്ധതി രേഖ പ്രകാരം 2020-21 വർഷത്തിൽ നടപ്പാക്കേണ്ട പദ്ധതികളുടെ വിവരം | | 2020-21 വർഷ ത്തിൽ നടപ്പാക്കിയ പദ്ധതികളുടെ വിവരം | | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| | | എണ്ണം | അടങ്കൽ | എണ്ണം | ചെലവ് തുക | |
| 1 | സെക്രട്ടറി | 21 | 7569411 | 15 | 4553686 | 60.15 |
| 2 | അസിസ്റ്റന്റ് സെക്രട്ടറി | 16 | 3182238 | 15 | 2451747 | 77.04 |
| 3 | അസിസ്റ്റന്റ് എഞ്ചിനീയർ | 124 | 53525864 | 84 | 36413135 | 68.00 |
| 4 | കൃഷി ഓഫീസർ | 10 | 8022852 | 10 | 6265958 | 78.10 |
| 5 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 15 | 20856192 | 12 | 6827155 | 32.73 |
| 6 | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 6 | 5215000 | 5 | 4657797 | 89.93 |
| 7 | വെറ്ററിനറി സർജ്ജൻ | 7 | 2998600 | 7 | 2081241 | 69.40 |
| 8 | മെഡിക്കൽ ഓഫീസർ ആയുർവ്വേദം | 4 | 1700000 | 4 | 1700000 | 100 |
| 9 | മെഡിക്കൽ ഓഫീസർ – പി.എച്ച്.സി | 9 | 3278348 | 9 | 2828546 | 86.27 |
| 10 | മെഡിക്കൽ ഓഫീസർ – ഹോമിയോ | 1 | 300000 | 1 | 300000 | 100 |
| 11 | പ്രധാനാധ്യാപകൻ | 5 | 2131843 | 5 | 2103135 | |
| 12 | ഡയറി ഫാം ഇൻസ്ട്രക്ടർ | 2 | 3027598 | 2 | 3027598 | 100 |
| 13 | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 1 | 828000 | 0 | 0 | 0 |
| | ആകെ | 221 | 112635946 | 169 | 73209998 | 65 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവ് | 413715 | 1292652 | 1706367 | 835149 | 871218 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 53605744 | 53605744 | 53605744 | 0 |
| ആകെ | 413715 | 54898396 | 55312111 | 54440893 | 871218 |

(കൂടാതെ 2019-20 വർഷം 100 ദിനം തൊഴിൽ എടുത്തവർക്കുള്ള ഇൻസെന്റീവ് ഇനത്തിൽ സംസ്ഥാന സർക്കാർ അനുവദിച്ച 1,33,000/- രൂപയും തൻ വർഷം വിനിയോഗിച്ചിട്ടുണ്ട്)

മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയ്ക്കായി 2020-21 വർഷം 3334 പദ്ധതികളുൾപ്പെടുന്ന 75.85കോടി രൂപ അടങ്കലുള്ള ആക്ഷൻ പ്ലാൻ ഗ്രാമ പഞ്ചായത്ത് തയ്യാറാക്കി അംഗീകാരം നേടിയിരുന്നു. തൻ വർഷം 387 പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത് തൻ വർഷം വിവിധ പദ്ധതികളിലായി ആകെ 163410തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. നൂറുദിനം തൊഴിൽ ലഭിച്ച 743 കുടുംബങ്ങളുണ്ട്.

## 1-7 ക്ഷേമ പദ്ധതികൾക്കായി തൻവർഷം വിനിയോഗിച്ച തുകയുടെ വിശദാംശം

തൻവർഷം ഗ്രാമപഞ്ചായത്തിൽ വിവിധ ക്ഷേമ പദ്ധതികകൾക്കായി വിനിയോഗിക്കപ്പെട്ട തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 0 | |
| കർഷകതൊഴിലാളി പെൻഷൻ | 11522500 | 778 |
| വിധവാപെൻഷൻ | 19830500 | 1264 |
| വാർദ്ധക്യകാലപെൻഷൻ | 21369300 | 1422 |
| വികലാംഗപെൻഷൻ | 4033000 | 270 |
| അവിവാഹിതകളായ 50 വയസ്സിനുമേൽ പ്രായമുള്ള വനിതകൾക്കുള്ള പെൻഷൻ | 1482500 | 98 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 420000 | 14 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6 (4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 24.09.2021 തീയ്യതിയിൽ 3 Pm ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. ക്യാഷ് ബാലൻസായ 39,453/- രൂപയുടെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

### പൊതു നിയന്ത്രണം

ഗ്രാമപഞ്ചായത്ത് കാര്യാലയത്തിലെ ജീവനക്കാരുടെ തസ്തിക തിരിച്ചുള്ള വിവരം ചുവടെ പറയും പ്രകാരമാണ്.

| ക്രമ നം | തസ്തിക | എണ്ണം |
|---|---|---|
| 1 | സെക്രട്ടറി | 1 |
| 2 | അസിസ്റ്റന്റ് സെക്രട്ടറി. | 1 |
| 3 | ഹെഡ് ക്ലാർക്ക് | 1 |
| 4 | അക്കൗണ്ടന്റ് | 1 |
| 5 | സീനിയർ ക്ലാർക്ക് | 3 |
| 6 | ക്ലാർക്ക് | 4 |
| 7 | ഓഫീസ് അറ്റൻഡന്റ് | 2 |
| 8 | പാർട്ട് ടൈം നേഴ്സറി ടീച്ചർ | 1 |
| 9 | പാർട്ട് ടൈം നേഴ്സറി ആയ | 1 |
| 10 | പാർട്ട്  ടൈം ലൈബ്രേറിയൻ | 1 |
| 11 | പാർട്ട് ടൈം സ്വീപ്പർ | 1 |
| 12 | ഡ്രൈവർ | 1 |

01.10.2019 ലെ ഉത്തരവ് നം എ2/27/2015/ എസ്.സി-2 പ്രകാരം ജീവനക്കാരുടെ ജോലി വിഭജനം നടത്തിയിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിന്റെ ദൈനം ദിന പ്രവർത്തനത്തിൽ നിരവധി സോഫ്റ്റ്വെയറുകൾ ഉപയോഗിക്കുന്നുണ്ട്. എന്നാൽ പുതിയ ഓഫീസ് ഉത്തരവിൽ ഓരോ ജീവനക്കാർക്കും ചുമതലകൾ വിഭജിച്ചു നൽകുമ്പോൾ സോഫ്റ്റ്വെയറുകളുടെ ഉപയോഗം അവയുടെ ബാക്ക്അപ്പ് എടുത്ത് സൂക്ഷിക്കൽ എന്നീ പരാമർങ്ങളൊന്നും ഇല്ല. ഈ അപാകതൾ പരിഹരിക്കേണ്ടതാണ്.

ഓഡിറ്റ് വർഷം പഞ്ചായത്ത് ഭരണസമിതി 30 തവണ യോഗം ചേർന്നിട്ടുണ്ട്. ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി 15 പ്രാവശ്യവും വികസന സ്റ്റാന്റിങ്ങ് കമ്മിറ്റി 22 പ്രാവശ്യവും ക്ഷേമകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി 14 പ്രാവശ്യവും ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിങ്ങ് കമ്മിറ്റി 14 പ്രാവശ്യവും യോഗം ചേരുന്നിട്ടുണ്ട്. യോഗ തീരുമാനങ്ങൾ കൃത്യമായി മിനിട്സ് ബുക്കിൽ രേഖപ്പെടുത്തുന്നുണ്ട്. പഞ്ചായത്തിന്റെ ഓരോ മാസത്തെയും വരവ് ചെലവ് കണക്കുകൾ തൊട്ടടുത്ത മാസം 10 ാം തിയ്യതിക്കകം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അംഗീകരിക്കണം എന്ന വ്യവസ്ഥ കൃത്യമായി പാലിക്കുന്നുണ്ട്.

ഗ്രാമപഞ്ചായത്ത് കാര്യാലയത്തിലെ ജീവനക്കാരുടെ യോഗം (Staff Meeting) 2020-2021 സാമ്പത്തിക വർഷം 10 തവണ ചേർന്നിട്ടുണ്ട്. യോഗതീരുമാനങ്ങൾ മിനട്സ് ബുക്കിൽ രേഖപ്പെടുന്നുണ്ട്. ജീവനക്കാരുടെ യോഗം മാസത്തിൽ ഒരുതവണയെങ്കിലും ചേരേണ്ടതും ഓരോ സെക്ഷനിലെയും പ്രവർത്തന പുരോഗതി വിലയിരുത്തേണ്ടതുമാണ്.

### കൺട്രോൾ ഓവർ അക്കൗണ്ട്

അക്കൗണ്ടിങ്ങ് സമ്പ്രദായം അനുശാസിക്കുന്ന തരത്തിലുള്ള രേഖകളും രജിസ്റ്ററുകളും സ്ഥാപനത്തിൽ സൂക്ഷിക്കുന്നുണ്ട്. നവീകരിച്ച അക്കൗണ്ടിങ്ങ് മാന്വൽ പ്രകാരമുള്ള മാറ്റങ്ങൾ സ്ഥാപനം

ഉൾക്കൊള്ളുകയും ആയത് അനുസരിച്ചുള്ള കാലികമായ മാറ്റങ്ങൾ സ്ഥാപനത്തിൽ നടപ്പിൽവരുത്തുകയും ചെയ്തുവരുന്നുണ്ട്. സ്ഥാപനത്തിൽ കൃത്യമായും സമയ ബന്ധിതമായും സ്ഥാപനത്തിന്റെ അക്കൗണ്ടിങ്ങ് ഇടപാടുകൾ രേഖപ്പെടുത്തി വരികയും, ആയതുവഴി സ്ഥാപനത്തിന്റെ ഏതു സമയത്തുമുള്ള സാമ്പത്തിക നില പ്രതിഫലിക്കപ്പെടുകയും ചെയ്യുന്നുണ്ട്. ജനറൽ ലെഡ്ജറും സബ്സിഡി ലെഡ്ജറും ഉൾക്കൊള്ളുന്ന ഡബിൾ എൻട്രി സിസ്റ്റമാണ് സ്ഥാപനത്തിൽ നിലവിലുള്ളത്. അംഗീകരിക്കപ്പെടേണ്ട ജേർണൽ എൻട്രികൾ അതാതു സമയത്തെ മേലുദ്യോസ്ഥൻമാർ അംഗീകരിക്കുന്നുണ്ട്. റസീറ്റ് ബുക്കുകൾക്കും ഫോറങ്ങൾക്കും സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്. അഗ്നിബാധ, മോഷണം, പ്രകൃതി ദുരന്തം, രേഖകളിൽ കൃത്രിമം വരുത്തൽ എന്നിവയിൽ നിന്നും സംരക്ഷിക്കപ്പെടുന്ന തരത്തിലാണ് അക്കൗണ്ടിങ്ങ് സംബന്ധിച്ച രേഖകൾ സൂക്ഷിച്ചുള്ളത്. ഓരോ അക്കൗണ്ടിങ്ങ് രേഖളിലേക്കുമുള്ള പ്രവേശനവും (ലോഗിൻ വഴി) നിശ്ചയിക്കപ്പെട്ട ഉദ്യോഗസ്ഥർക്കായി പരിമിതപ്പെടുത്തിട്ടുണ്ട്.

ബഡ്ജറ്റ് പാസ്സാക്കിയെങ്കിലും ആയതിന്റെ അടിസ്ഥാനത്തിൽ വരവ് ചിലവ് കണക്കുകൾ കൃത്യമായി വിലയിരുത്തപ്പെടുന്നില്ല. സ്ഥാപനത്തിന്റെ സാമ്പത്തിക ഇടപാടുകൾ കൃത്യമായി അക്കൗണ്ട് ചെയ്യപ്പെടുന്നുണ്ട്. ക്യാഷും അക്കൗണ്ട്സും വ്യത്യസ്ഥ ജീവനക്കാരാണ് കൈകാര്യം ചെയ്യുന്നത്. അക്കൗണ്ട് റൂളുകളും അക്കൗണ്ടിംഗ് പോളിസികളും പാലിക്കുന്നുണ്ട്. മാസാന്ത്യ / വർഷാന്ത്യം നടത്തേണ്ട പൊരുത്തപ്പെടുത്തലുകൾ കൃത്യമായി ചെയ്തുവരുന്നുണ്ട്. ക്യാഷ് ബുക്ക് പ്രതിദിന ക്ലോസിംഗ് നടത്തുന്നുണ്ട്. അക്കൗണ്ടിന്റെ ബാക്ക്അപ്പ് കൃത്യമായി എടുത്ത് സൂക്ഷിക്കുന്നുണ്ട്. സ്ഥാപനത്തിലെ എല്ലാ ബാങ്ക് / ട്രഷറി ഇടപാടുകളും വാർഷിക ധനകാര്യ പത്രികയിലുൾപെട്ടിട്ടുണ്ട്. ദിവസേനയുള്ള വരവുകൾ ബാങ്കിൽ കൃത്യമായി ഒടുക്കുന്നുണ്ട്. ഓഡിറ്റിന്റെ ഭാഗമായി കാഷ് ബാലൻസ് പരിശോധിച്ചതിൽ ക്യാഷ് ബാലൻസ് ക്യാഷ് ബുക്കുമായി പൊരുത്തപ്പെടുന്നുണ്ട്.

**<u>പണത്തിനും ബാങ്കിനും മുകളിലുള്ള നിയന്ത്രണം</u>**

പഞ്ചായത്തിൽ നിലനിർത്തിപോരുന്ന എല്ലാ ബാങ്ക് അക്കൗണ്ടുകളുടേയും മുഴുവൻ ലിസ്റ്റ് നിലവിലുണ്ട്. വിവിധ വരവുകൾ യഥായമയം തന്നെ ബാങ്കുകളിൽ വരവു വെക്കുന്നുണ്ട്. പഞ്ചായത്തിൽ ലഭിക്കുന്ന ചെക്കുകളും ഡി.ഡി.കളും ചെക്ക് & ഡ്രാഫ്റ്റ് രജിസ്റ്ററിൽ കൃത്യമായി രേഖപ്പെടുത്തുകയും കാലതാമസം കൂടാതെ ബാങ്കുകളിൽ നിക്ഷേപിക്കുകയും ചെയ്യുന്നുണ്ട്. സുരക്ഷിതമായ തരത്തിൽ ഫ്രണ്ട് ഓഫീസ് സംവിധാനത്തിലൂടെയാണ് പഞ്ചായത്തിൽ പണം സ്വികരിച്ചു വരുന്നത്.

**<u>ഡി.സി.ബി വരവുകളിൻ മേലുള്ള നിയന്ത്രണം</u>**

ഓരോ വരവിനത്തിലുമുള്ള ഡിമാൻറുകൾ കൃത്യമായി ഡി.സി.ബി.രജിസ്റ്ററുകളിൽ രേഖപ്പെടുത്തുകയും തുടർ നടപടികൾ സ്വികരിക്കുകയും ചെയ്തുവരുന്നുണ്ട്. ഡി.സി.ബി. വരവുകൾ കാഷ് ബുക്കിലും ലെഡ്ജറുകളിലും കൃത്യമായി രേഖപ്പെടുത്തുകയും റികൺസിലിയേഷൻ നടത്തുകയും ചെയ്യുന്നുണ്ട്.

**<u>നികുതി -നികുതിയേതര വരവുകളിൽ മേലുള്ള നിയന്ത്രണം</u>**

വരവിനങ്ങളെല്ലാം കൃത്യമായി ഡിമാന്റ് ചെയ്യപ്പെടുന്നുണ്ട്. നികുതി നിർണ്ണയം നടത്തുന്നത് സഞ്ചയ സോഫ്റ്റവെയർ മുഖേനയാണ്. തൻവർഷം 99 % നികുതി പിരിവ് കൈവരിച്ചിട്ടുണ്ട്.

**<u>കൺട്രോൾ ഓവർ പ്രൊക്യൂർമെന്റ്:</u>**

ഗ്രാമ പഞ്ചായത്ത് പ്രൊക്യൂർമെന്റ് കമ്മിറ്റി നല്ല രീതിയിൽ പ്രവർത്തിക്കുന്നുണ്ട്. പഞ്ചായത്തിലെ പ്രൊക്യൂർമെന്റ് കമ്മിറ്റി 2020-21 വർഷത്തിൽ യോഗം ചേർന്നിട്ടില്ല.

സാധന സാസാമഗ്രികൾ സമാഹരിക്കുന്നതിനുള്ള ചട്ടങ്ങളും സ്റ്റോർ പർച്ചേസ് ചട്ടങ്ങളും സ്ഥാപനം അനുസരിക്കുന്നുണ്ട്. സാധന സാമഗ്രികളുടെ സമാഹരണവുമായി ബന്ധപ്പെട്ട ഫയലുകളും രജിസ്റ്ററുകളും കൃത്യമായി എഴുതി സൂക്ഷിക്കുന്നുണ്ട്.

**<u>കൺട്രോൾ ഓവർ പേറോൾ</u>**

ജീവനക്കാരുടെ സേവന പുസ്തകം കൃത്യമായി പരിപാലിക്കുന്നില്ല. ജീവനക്കാരുടെ ശമ്പള പരിഷ്കരണം കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നും സമയാസമയങ്ങളിൽ അംഗീകാരം

വാങ്ങുന്നില്ല. ഗ്രാമ പഞ്ചായത്ത് ഓഫീസിലെ അക്കൗണ്ടന്റ് ശ്രീ.ഷിനോജ് സി.എച്ച്. ന്റെ ശമ്പളം ജി.ഒ. (പി) നം. 85/2011/Fin തീയതി 26.02.2011, ജി.ഒ (പി) നം 7/2016/Fin തീയതി 20.01.2016, പ്രകാരം പരിഷ്കരിച്ചത് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നും അംഗീകാരം വാങ്ങിയിട്ടില്ല.

ജീവനക്കാരുടെ ശമ്പളം നിലവിൽ ബാങ്ക് അക്കൗണ്ട് വഴിയാണ് നൽകുന്നത്. ജീവനക്കാരുടെ പെൻഷൻ കോണ്ട്രിബ്യൂഷനും മറ്റ് ശമ്പള റിക്കവറികളും കൃത്യമായി ഈടാക്കി ബന്ധപ്പെട്ട വകുപ്പുകളിലേക്ക് ഒടുക്കുന്നുണ്ട്. NPS പെൻഷൻ പദ്ധതിയിലുൾപ്പെടുന്ന ജീവനക്കാരുടെ പെൻഷൻ കോണ്ട്രിബ്യൂഷനും കൃത്യമായി ഈടാക്കുന്നുണ്ട്.

**<u>രജിസ്റ്ററുകളുടെ സൂക്ഷിപ്പിൻമേലുള്ള നിയന്ത്രണം</u>**

ഗ്രാമ പഞ്ചായത്തിൽ എസ്റ്റാബ്ലിഷ്മെന്റ് ചെലവുകളുമായി ബന്ധപ്പെട്ട് സൂക്ഷിക്കേണ്ട പ്രധാന രജിസ്റ്ററുകളായ അക്വിറ്റൻസ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ, ജീവനക്കാരുടെ വിവിധ റിക്കവറികളുടെ രജിസ്റ്റർ, തുടങ്ങിയവ കൃത്യമായി എഴുതി സൂക്ഷിക്കുന്നുണ്ട്. ഇൻകുബൻസി രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ടെങ്കിലും ആയത് പൂർണ്ണമല്ല. സ്യൂട്ട് രജിസ്റ്റർ, ഓഡിറ്റ് ഒബ്ജക്ഷൻ രജിസ്റ്റർ, എന്നിവ സൂക്ഷിച്ചിട്ടില്ല. ആയത് അടിയന്തിരമായും എഴുതി സൂക്ഷിക്കേണ്ടതാണ്.

ഗ്രാമ പഞ്ചായത്തിൽ വിവിധ സെക്ഷനുകൾ കൈകാര്യം ചെയ്യുന്ന 7 ക്ലറിക്കൽ തസ്തികകളാണുള്ളത്. എന്നാൽ ഇവർ ആരും തന്നെ പേഴ്സണൽ രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല. മാനുവൽ ഓഫ് ഓഫീസ് പ്രൊസീജിയർ ഖണ്ഡിക 21 പ്രകാരം ഓരോ സെക്ഷനുകളിലും പേഴ്സണൽ രജിസ്റ്റർ സൂക്ഷിക്കേണ്ടതും ഓരോ രജിസ്റ്ററിലെയും ആദ്യ കടലാസിൽ(Fly Leaf) സെക്ഷൻ സൂപ്രണ്ടിന്റെയും രജിസ്റ്റർ സൂക്ഷിയ്ക്കുന്ന ക്ലർക്കിന്റെയും പേര് എഴുതി ചേർത്തിരിക്കേണ്ടതുമാണ്. ഖണ്ഡിക 150 പ്രകാരം സൂപ്രണ്ടുമാർ പേഴ്സണൽ രജിസ്റ്റർ പരിശോധിക്കേണ്ടതിന്റെ ഒരു ഷെഡ്യൂൾ ഓഫീസ് മേധാവി തയ്യാറാക്കുകയും അതനുസരിച്ച് പേഴ്സണൽ രജിസ്റ്ററുകൾ പരിശോധിക്കേണ്ടതുമാണ്. ഓരോ പേഴ്സണൽ രജിസ്റ്ററിനോടൊപ്പവും ഒരു കലണ്ടർ വർഷം നീളുന്ന ഒരു തുടർ കുറിപ്പ് ഫയൽ (Running Note File) സൂക്ഷിക്കേണ്ടതുമാണ്. ഓരോ സെക്ഷനുകളിലും ലഭിക്കുന്ന തപാലുകളുടെ വിശദാംശങ്ങളും അവ തീർപ്പാക്കുന്നതിന്റെ നടപടിക്രമങ്ങളും നിരീക്ഷിക്കുന്നതിന് ഇ-ഓഫീസ് സംവിധാനമുള്ള ഓഫീസുകൾ ഉൾപ്പടെ പേഴ്സണൽ രജിസ്റ്റർ (തൻ പതിവേട്) കൃത്യമായി പരിപാലിക്കണമെന്നും, ആയതിന്റെ കൃത്യത ഓഫീസ് മേലധികാരി പരിശോധിച്ച് ഉറപ്പുവരുത്തണമെന്നും ഉദ്യോഗസ്ഥ ഭരണപരിഷ്കാര (റൂൾസ്) വകുപ്പിന്റെ 12.02.2021 ലെ റൂൾസ്.2/22/2020/ഉഭപവ സർക്കുലറിൽ നിഷ്കർഷിച്ചിട്ടുണ്ട്. ആയതിനാൽ ചുമതലപ്പെട്ട എല്ലാ ഉദ്യോഗസ്ഥരും പേഴ്സണൽ രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതും, ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

**<u>ആസ്തികളിൻമേലുള്ള നിയന്ത്രണം</u>**

ആസ്തികൾ കൃത്യമായി മൂല്യ നിർണ്ണയം ചെയ്ത് ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. സ്ഥാപനത്തിൽ അസറ്റ് രജിസ്റ്റർ എഴുതി തയ്യാറാക്കേണ്ടതും അതിന്റെ മൂല്യനിർണ്ണയം നടത്തി വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുത്തേണ്ടതുമാണ്.

**<u>1-10 തൊഴിൽ നികുതി - അപാകതകൾ</u>**

2020-21 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ, അർദ്ധവാർഷിക വരുമാന പത്രികകൾ എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ കൊടുക്കുന്നു.

1) <u>തൊഴിൽ നികുതി ഈടാക്കിയതിൽ അപാകത.</u>

2020-21 സാമ്പത്തിക വർഷത്തിൽ സ്ഥാപനത്തിലെ ഓഫീസ് മേധാവി / സ്ഥാപന ഉടമ സമർപ്പിച്ച തൊഴിൽ നികുതി റിട്ടേണുകളിൽ താഴെ കൊടുത്തിരിക്കുന്ന ജീവനക്കാരനിൽ നിന്നും തൊഴിൽ നികുതി അടവാക്കിയതിൽ കുറവ് വന്നിട്ടുണ്ട് .

| ക്രമ നം. | ജീവനക്കാരന്റെ പേരും | ജോലി ചെയ്യുന്ന | നികുതി അടവാക്കേണ്ട | അർദ്ധ വാർഷിക | ഈടാക്കിയ | ഈടാക്കേണ്ടി | കുറവു വന്ന |
|---|---|---|---|---|---|---|---|

| | തസ്തികയും | സ്ഥാപനം | കാലയളവ് | വരുമാനം | നികുതി | യിരുന്ന നികുതി | തുക |
|---|---|---|---|---|---|---|---|
| 1 | കുഞ്ഞിരാമൻ മണിയറ, അറ്റന്റന്റ് | വെറ്ററിനറി ഡിസ്പെൻസറി, കയ്യൂർ | 2020-21 രണ്ടാം അർദ്ധവർഷം | 1,32,000/- | 1,000/- | 1,250/- | 250/- |

തൊഴിൽ നികുതിയിനത്തിൽ ഈടാക്കിയതിൽ കുറവു വന്ന തുകയായ 250/- രൂപ മേൽ പരാമർശിച്ച ജീവനക്കാരനിൽ നിന്നും ഈടാക്കി രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

2) <u>സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.</u>

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 204 വകുപ്പ് പ്രകാരം ജീവനക്കാരും /തൊഴിലാളികളും തൊഴിൽ സ്ഥാപനവും തൊഴിൽ നികുതി ഒടുക്കേണ്ടതുണ്ട്. തൊഴിൽ സ്ഥാപനങ്ങൾ അർദ്ധവാർഷിക ടേൺ ഓവറിന്റെ അടിസ്ഥാനത്തിൽ നികുതി നിർണ്ണയിച്ച് നികുതി ഒടുക്കണം. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പ്രകാരം 2020-21 വർഷത്തിൽ താഴെക്കൊടുത്തിരിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും ടേൺഓവറിന്റെ അടിസ്ഥാനത്തിൽ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | നികുതി അടവാക്കേണ്ട കാലയളവ് |
|---|---|---|
| 1 | 77 സ്പീഡ് മാർട്ട് സൂപ്പർ മാർക്കറ്റ്, ചെമ്പ്രകാനം | 2020-21 ഒന്നും രണ്ടും അർദ്ധ വർഷം |
| 2 | ചീമേനി കോ ഓപ്പറേറ്റീവ് കൺസ്യൂമർ സ്റ്റോർ, ചീമേനി | 2020-21 ഒന്നും രണ്ടും അർദ്ധ വർഷം |
| 3 | 7 ഡേയ്സ് ഹൈപ്പർ മാർക്കറ്റ് | 2020-21 ഒന്നും രണ്ടും അർദ്ധ വർഷം |
| 4 | എസ് ആർ ടി ഫർണ്ണിച്ചർ & ഇന്റീരിയർ സൊല്യൂഷൻ, ചീമേനി | 2020-21 ഒന്നും രണ്ടും അർദ്ധ വർഷം |
| 5 | ഫ്രീഡം ഫ്യുവൽ സ്റ്റേഷൻ, ചീമേനി | 2020-21 ഒന്നും രണ്ടും അർദ്ധ വർഷം |
| 6 | തേജസ്വിനി പെട്രോൾ പമ്പ്, ചീമേനി | 2020-21 ഒന്നും രണ്ടും അർദ്ധ വർഷം |
| 7 | പി കെ സെയിൽസ് കോർപ്പറേഷൻ, പോത്താറംകണ്ടം | 2020-21 ഒന്നും രണ്ടും അർദ്ധ വർഷം |

മേൽ പരാമർശിച്ച സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കി രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

3) <u>ശാരീരിക അവശത സ്ഥിരീകരിക്കുന്നതിനായുള്ള രേഖകൾ ഹാജരാക്കിയിട്ടില്ല.</u>

2020-21 വർഷത്തെ ജീവനക്കാരുടെ തൊഴിൽ നികുതി റിട്ടേണുകൾ പ്രകാരം ചില ജീവനക്കാർക്ക് ശാരീരിക അവശത ഉണ്ടെന്ന കാരണത്താൽ നികുതി അടവാക്കുന്നതിൽ ഇളവ് നൽകിയിട്ടുണ്ട്.

എന്നാൽ ശാരീരിക അവശത സ്ഥിരീകരിക്കുന്നതിനായുള്ള രേഖകൾ റിട്ടേണിനൊപ്പം സമർപ്പിച്ചിട്ടില്ല. വിശദവിവരങ്ങൾ താഴെക്കൊടുക്കുന്നു.

| ക്രമ നം. | ജീവനക്കാരന്റെ പേരും തസ്തികയും | ജോലി ചെയ്യുന്ന സ്ഥാപനം | നികുതി അടവാക്കേണ്ട കാലയളവ് |
|---|---|---|---|
| 1 | ദയേഷ് കെ. ജി., ട്രേഡ്സ്മാൻ ഇൻ ഇ. സി. ഇ. | കോളേജ് ഓഫ് എഞ്ചിനീയറിങ്ങ് തൃക്കരിപ്പൂർ | 2020-21 ഒന്നും രണ്ടും അർദ്ധ വർഷം |
| 2 | ബാലകൃഷ്ണൻ സി. വി., പ്യൂൺ | കേരള സംസ്ഥാന സഹകരണ ബാങ്ക്, ചീമേനി എഞ്ചിനീയറിങ്ങ് കോളേജ് ബ്രാഞ്ച് | 2020-21 ഒന്നും രണ്ടും അർദ്ധ വർഷം |

മേൽ പരാമർശിച്ച ജീവനക്കാരിൽ നിന്നും ശാരീരിക അവശത സ്ഥിരീകരിക്കുന്നതിനായുള്ള രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

മേൽ അപാകതകൾ പരിശോധിച്ച് പരാമർശിത രേഖകൾ / വിശദീകരണങ്ങൾ ഓഡിറ്റിന് ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം.09/07.10.2021)

**1-11 ലൈസൻസ്- അപാകതകൾ**

ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ഗ്രാമ പഞ്ചായത്ത് അനുവദിച്ച ലൈസൻസുകളുടെ അപേക്ഷകൾ, രജിസ്റ്ററുകൾ എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1) ലൈസൻസ് ഫീസ് പുതുക്കി നിശ്ചയിച്ചിട്ടില്ല

2017 ലെ കേരള നിക്ഷേപങ്ങൾ പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും ആക്ടിന് അനുസൃതമായി കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 232 ൽ വരുത്തിയ ഭേദഗതി അനുസരിച്ച് 31.10.2017 ലെ സ.ഉ.(പി)നം. 80/ 2017/ ത.സ്വ.ഭ.വ. പ്രകാരം കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിൽ ഭേദഗതി വരുത്തി ഉത്തരവായിട്ടുണ്ട്. ഭേദഗതി ചട്ടങ്ങൾ പ്രകാരം ലൈസൻസ് ഫീസ് നിശ്ചയിക്കുന്നത് ദൈനംദിന വിറ്റു വരവിന് പകരം മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിലായിരിക്കണമെന്ന് ചട്ടം 7 പ്രകാരം നിഷ്കർഷിക്കുകയും പട്ടിക രണ്ടിൽ ലൈസൻസ് ഫീസുകൾ പുതുക്കി നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്.

ഗ്രാമ പഞ്ചായത്തിന്റെ 2020-21 വർഷത്തെ ലൈസൻസ് രജിസ്റ്ററും അപേക്ഷകളും പരിശോധിച്ചതിൽ ലൈസൻസ് ചട്ടങ്ങളിൽ വന്ന ഭേദഗതി പ്രകാരം ഫീസ് പിരിക്കുന്നതിന് സ്ഥാപനങ്ങൾ ഉൽപാദനം, സേവനം എന്നീ മേഖലകളിൽ ഏതിലാണ് ഉൾപ്പെടുന്നതെന്നോ മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ്ജ് എന്നിങ്ങനെ തരം ഏതാണെന്നോ അപേക്ഷകളിലോ രജിസ്റ്ററിലോ രേഖപ്പെടുത്തിയിട്ടില്ല. ചുമത്താവുന്ന പരമാവധി ഫീസാണ് ഭേദഗതി ചെയ്ത പട്ടിക രണ്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്നിരിക്കെ സ്ലാബുകൾക്ക് അനുസൃതമായി ഗ്രാമ പഞ്ചായത്ത് ചുമത്തുന്ന ഫീസിന് നിരക്ക് നിശ്ചയിച്ചിട്ടില്ല. മൂലധന നിക്ഷേപം അടിസ്ഥാനമാക്കാതെ പ്രതിദിന വിറ്റുവരവിന്റെ അടിസ്ഥാനത്തിൽ തന്നെ ലൈസൻസ് ഫീസ് ഈടാക്കുകയാണ് ചെയ്തത്.

2) വാർഡ് വൈസ് ട്രേഡേഴ്സ് ലിസ്റ്റ് സൂക്ഷിച്ചിട്ടില്ല.

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിയ്ക്കുന്ന എല്ലാ സ്ഥാപനങ്ങളുടെയും ലിസ്റ്റ് തയ്യാറാക്കി അതു പ്രകാരം ലൈസൻസ് രജിസ്റ്റർ എഴുതി സൂക്ഷിയ്ക്കുന്നില്ല. സാംഖ്യാ അക്കൗണ്ട് പ്രകാരം ലൈസൻസ് ഫീ

അടവാക്കിയ സ്ഥാപനങ്ങളെ മാത്രം ചേർത്ത് രജിസ്റ്റർ എഴുതി തയ്യാറാക്കുന്നതിനാൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിയ്ക്കുന്ന എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടുണ്ടോ എന്ന് ഉറപ്പാക്കാനായിട്ടില്ല. എല്ലാ വർഷവും പുതിയ സ്ഥാപനങ്ങളെ ഉൾപ്പെടുത്തി വാർഡ് തിരിച്ച് ട്രേഡേഴ്സ് ലിസ്റ്റ് പുതുക്കി ഈ ലിസ്റ്റ് പ്രകാരം രജിസ്റ്റർ എഴുതി ഡി.സി.ബി. പത്രിക തയ്യാറാക്കേണ്ടതും സാംഖ്യാ അക്കൗണ്ട് പ്രകാരമുള്ള വരവുമായി റികൺസൈൽ ചെയ്യേണ്ടതുമാണ്. പഞ്ചായത്തിലെ അസസ്സ്മെന്റ് രജിസ്റ്റർ പ്രകാരം വാണിജ്യാവശ്യത്തിനുള്ള 2251 കെട്ടിടങ്ങൾക്ക് കെട്ടിട നമ്പർ അനുവദിച്ചതായി കാണുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | | ഇനം | എണ്ണം |
|---|---|---|---|
| I | 1 | വാണിജ്യാവശ്യം- 100 ച. മീറ്റർ വരെ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റ്, ഷോപ്പുകൾ, ഗോഡൗൺ | 1,548 |
| | 2 | 100 ച. മീറ്റർ മുകളിൽ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റ്, ഷോപ്പുകൾ, ഗോഡൗൺ | 195 |
| | 3 | 200 ച. മീറ്റർ വരെ തറവിസ്തീർണ്ണമുള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാൾ | 5 |
| | 4 | 200 ച. മീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാൾ | 117 |
| II | 1 | ബാങ്കുകൾ, പെട്ടികടകൾ, കമ്പ്യൂട്ടർ സെന്റർ, ഫ്യൂവൽ സ്റ്റേഷൻ | 16 |
| | 2 | ആഫീസ് ആവശ്യത്തിനുള്ളവ | 186 |
| III | | അസംബ്ലി കെട്ടിടം, കൺവെൻഷൻ സെന്റർ, ആഡിറ്റോറിയം, സിനിമ തിയേറ്റർ, കല്ല്യാണ മണ്ഡപം, ലോഡ്ജ്, റിസോർട്ട് | 9 |
| IV | 1 | വ്യവസായം-ചെറുകിട വ്യവസായ സംരംഭങ്ങൾ, കൈത്തറി ഷെഡ്, തടിമില്ല് | 135 |
| | 2 | ഇതര വ്യവസായം | 40 |

എന്നാൽ ലൈസൻസ് രജിസ്റ്റർ പ്രകാരം ലൈസൻസ് എടുത്ത് പ്രവർത്തിക്കുന്ന വാണിജ്യ സ്ഥാപനങ്ങൾ 413 എണ്ണം മാത്രമാണ്. ഗ്രാമ പഞ്ചായത്തിലുള്ള മുഴുവൻ വാർഡുകളിലും ഫീൽഡ് വെരിഫിക്കേഷൻ നടത്തി വാർഡ് അടിസ്ഥാനത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കേണ്ടതും അനുമതിയില്ലാതെ യാതൊരു സ്ഥാപനവും പ്രവർത്തിക്കുന്നില്ലായെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

<u>3) ലൈവ് സ്റ്റോക്ക് ഫാമുകൾ പരിശോധനാ റിപ്പോർട്ട് സൂക്ഷിച്ചിട്ടില്ല.</u>

2020-21 സാമ്പത്തികവർഷത്തിൽ താഴെ പറയുന്ന ലൈവ് സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് അനുവദിച്ചിട്ടുണ്ട്.

| ക്രമ നം. | ഫാമിന്റെ പേര് | ലൈസൻസിയുടെ പേര് | ലൈസൻസ് നം. |
|---|---|---|---|
| 1 | മൊഴക്കോം പൗൾട്രീ ഫാം | രോഹിണി കെ വി | 166/2020-21 |
| 2 | കയ്യൂർ പൗൾട്രീ ഫാം | മാലേനി രവീന്ദ്രൻ | 350/2020-21 |

2012-ലെ കേരള പഞ്ചായത്ത് രാജ് (ലൈവ്സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങൾ, ചട്ടം 10 പ്രകാരം സെക്രട്ടറിയും മറ്റ് ഉദ്യോഗസ്ഥരും ലൈവ്സ്റ്റോക്ക് ഫാമിൽ വളർത്തപ്പെടുന്ന മൃഗങ്ങളുടെയോ പക്ഷികളുടേയോ എണ്ണം തിട്ടപ്പെടുത്തുന്നതിനോ, ഫാമിന്റെ ഉടമസ്ഥൻ അഥവാ നടത്തിപ്പുകാരൻ ഈ ചട്ടങ്ങളിലോ ഗ്രാമപഞ്ചായത്തിന്റെ അനുമതിയിലോ നിഷ്കർഷിച്ചിട്ടുള്ള നിബന്ധനകൾ പൂർണ്ണമായി പാലിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനോ വേണ്ടി ആറുമാസത്തിലൊരിക്കൽ ലൈവ് സ്റ്റോക്ക് ഫാമിൽ പരിശോധന നടത്തി പരിശോധനാ റിപ്പോർട്ട് സൂക്ഷിക്കേണ്ടതാണ്. ആയത് സൂക്ഷിച്ചിട്ടില്ല.

മേൽ അപാകതകൾ പരിശോധിച്ച് പരാമർശിത രേഖകൾ/വിശദീകരണങ്ങൾ ഓഡിറ്റിന് ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം. 13/08.10.2021)

**1-12 ഇ ടെണ്ടർ - ബിഡ് സമർപ്പണ ഫീസ് ഗ്രാമ പഞ്ചായത്തിന് ലഭിച്ചില്ല**

തൻ വർഷം ഇ-ടെണ്ടർ മുഖേന ഗ്രാമ പഞ്ചായത്ത് ടെണ്ടർ ചെയ്ത പ്രവൃത്തികളുടെ ബിഡ് സമർപ്പണ ഫീസിനത്തിൽ ലഭിക്കുന്ന തുകകൾ കാസറഗോഡ് ജില്ലാ പഞ്ചായത്ത് എൽ.എസ്.ജി.ഡി. ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിലുള്ള അക്കൗണ്ടിലാണ് വരവ് വന്നിരിക്കുന്നത്. ഗ്രാമ പഞ്ചായത്തിൽ ലഭ്യമായ കണക്കനുസരിച്ച് 2020-2021 സാമ്പത്തിക വർഷത്തിൽ ഇ-ടെണ്ടർ മുഖേന ടെണ്ടർ നടത്തിയ 11 പൊതു മരാമത്ത് പ്രവൃത്തികളുടെ ബിഡ് സമർപ്പണ ഫീസായി 81,000/- രൂപ പഞ്ചായത്തിന് ലഭിക്കാനുണ്ട്. ഈ തുക ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും തിരികെ ലഭ്യമാക്കേണ്ടതാണ്. ബിഡ് സമർപ്പണ ഫീസിനത്തിൽ 2014-15 വർഷം മുതൽ ലഭിക്കാനുള്ള തുകയും ലഭ്യമാക്കുന്നതിനു വേണ്ട നടപടി സ്വീകരിക്കേണ്ടതാണ്.

**1-13 കെട്ടിടനിർമ്മാണ പൂർത്തീകരണം- നമ്പർ അനുവദിച്ച കെട്ടിടത്തിൽ അനധികൃത നിർമ്മാണങ്ങളും മറ്റ് അപാകതകളും**

ഓഡിറ്റ് വർഷം കെട്ടിടനിർമ്മാണം പൂർത്തീകരിച്ചതിനു ശേഷം നമ്പർ അനുവദിച്ച (XII-1108-A1 മുതൽ 1108-B20 വരെയുള്ള നമ്പർ) കെട്ടിടത്തിന്റെ ഫയൽ പരിശോധനയിൽ പല അപാകതകളും കാണുകയുണ്ടായി.വിശദ വിവരങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| ഉടമസ്ഥന്റെ പേര് | കെ.എം. ഇബ്രാഹിം & 4 Others |
| സർവ്വെ നം. & വിസ്തീർണ്ണം | S-260/ 1A1A1R-260/ 1A1A1,32.5 സെന്റ് (1315m2) |
| വില്ലേജ് | ചീമേനി |
| പെർമിറ്റ് നം. | SC3-BA 9280/2017, തീയ്യതി 01.03.2017 |
| പെർമിറ്റ് എടുത്ത കെട്ടിടത്തിന്റെ അളവ് | 2667.37 Sqm |

കെട്ടിടത്തിൻറ അളവ്

| കെട്ടിടത്തിന്റെ നിലകൾ | ഒക്കുപ്പൻസി പ്രകാരം (കംപ്ലീഷൻ) | പെർമിറ്റ് പ്രകാരം |
|---|---|---|
| BASEMENT F (Parking) | 694.76 M2 | ഈ കെട്ടിടത്തിന്റെ നിർമ്മാണ പെർമിറ്റ് നല്കിയ ഫയൽ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. കംപ്ലീഷൻ ഫയലിൽ നിർമ്മാണ പെർമിറ്റ് നല്കിയതിന്റെ പകർപ്പ് ഉള്ളടക്കം ചെയ്തിരുന്നു. ആയത് പ്രകാരമുള്ള അളവാണ് 2667.37 M2 |
| GROUND-F (Commercial) | 697.35 M2 | |
| FIRST F (Commercial) | 750.19 M2 | |
| SECOND.F(Commercial Lodging Rooms) | 742.63 M2 | |
| STAIR ROOM | 22.36 M2 | |
| Total | 2907.29 M2 | 2667.37 M2 |

കെട്ടിടത്തിന്റെ തരം - വാണിജ്യ -ലോഡ്ജിംഗ് ആവശ്യം ( ഗ്രൂപ്പ്എഫ്, A2)

കെട്ടിടത്തിൻറ തറ വിസ്തീർണ്ണാനുപാതം = 2212.53 / 1315= 1.68

മേൽ വിവരിച്ച കെട്ടിടത്തിന്റെ ഉടമസ്ഥർ 17.02.2020 – ന് (943/ 20/ Sc3/ Dt.17.02.20) ഗ്രാമ പഞ്ചായത്തിൽ കെട്ടിട നിർമ്മാണം പൂർത്തീകരിച്ച് കംപ്ലീഷൻ പ്ലാൻ സമർപ്പിച്ചിരുന്നു. കെട്ടിട നിർമ്മാണം പൂർത്തീകരിച്ചത് 2011 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരമാണെന്ന് ഈ കെട്ടിടത്തിന്റെ സാങ്കേതിക പരിശോധന നടത്തിയ പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്തിരുന്ന (നം 40/AE/LSGD/ KCGP/ 2020-21 Dt.08.07.2020). ഈ റിപ്പോർട്ടിൽ നിർമ്മാണ പെർമിറ്റ് നല്കിയത് 2667.37 ച.മീറ്റർ കെട്ടിടത്തിനാണെന്നും, നിർമ്മാണം പൂർത്തീകരിച്ചപ്പോൾ കെട്ടിടത്തിന്റെ Built-Up Area 2907.29 ച.മീറ്ററായി അധികരിച്ചിട്ടുണ്ടെന്നും അതിനാൽ അധികരിച്ച 239.92 ച.മീറ്ററിന് ഫീസ് ഈടാക്കി ഈ വിസ്തീർണ്ണം കൂടി ഉൾപ്പെടുത്തി നിർമ്മാണം ക്രമ വത്കരിക്കാവുന്നതാണെന്നും അറിയിച്ചിരുന്നു. തുടർന്ന് സെക്രട്ടറി മേൽ കെട്ടിട നിർമ്മാണം ക്രമവത്കരിച്ച് നല്കി. ഇതുമായി ബന്ധപ്പെട്ട് താഴെ കൊടുക്കുന്നവയ്ക്ക് വിശദീകരണം നല്കേണ്ടതാണ്,

1). പ്രാബല്യത്തിലുള്ള കെട്ടിട നിർമ്മാണ ചട്ടങ്ങൾക്ക് അനുസൃതമായ രീതിയിൽ തറ വിസ്തീർണ്ണാനുപാതം (FAR) നിർണയം നടത്തി ഫീസ് ഈടാക്കാത്തതിനാൽ പഞ്ചായത്ത് ഫണ്ടിന് നഷ്ടം സംഭവിച്ചിട്ടുണ്ട്. വിശദവിവരങ്ങൾ ചുവടെ കൊടുക്കുന്നു,

ഇവിടെ കെട്ടിടത്തിന്റെ രണ്ടാം നിലയിലെ ആകെ 742.63 എം.2 പ്ലിന്ത് വിസ്തീർണമുള്ള കെട്ടിട ഭാഗങ്ങൾ വാണിജ്യ-ലോഡ്ജിംഗ് ആവശ്യങ്ങൾക്കായാണ് വിഭാവനം ചെയ്തിരിക്കുന്നത്. അതായത് കെട്ടിടത്തിൽ A-2, F എന്നീ ഒക്യുപെൻസി വിഭാഗങ്ങൾ ഉൾക്കൊള്ളുന്നുണ്ട്. കംപ്ലീഷൻ പ്ലാനിൽ വ്യക്തമാക്കിയിട്ടുണ്ടെങ്കിലും, ഈ കെട്ടിടത്തിന്റെ F.A.R. നിർണയം നടത്താത്തതിനാൽ ഇക്കാര്യം ശ്രദ്ധിച്ചിട്ടുള്ളതായി കാണുന്നില്ല. ഒന്നിലധികം കൈവശാവകാശ ഗണങ്ങൾ ഉൾക്കൊള്ളുന്ന കെട്ടിടങ്ങളുടെ കാര്യത്തിൽ (അവയുടെ പ്ലോട്ട് വിസ്തീർണം 0.5 ഹെക്ടർ വരെയാണെങ്കിൽ) അവയുടെ തറവിസ്തീർണാനുപാതം (F.A.R), ഏറ്റവും നിയന്ത്രിത കൈവശാവകാശ ഗണത്തിന്റേതായിരിക്കുമെന്ന് കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 35 (2) (iii) ൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. 2011 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 35(2) ടേബിൾ 2 (Table 2 Substituted By SRO

No. 675/2017, W.E.F. 31.10.2017) അനുസരിച്ച് ലോഡ്ജിംഗ് ആവശ്യങ്ങൾക്ക് (ലോഡ്ജിംഗ് ഹൗസുകൾ) ഉപയോഗിക്കുന്ന കെട്ടിടങ്ങളുടെ കൈവശാവകാശ ഗണം 'A2' ആണ്. A-2, F എന്നീ ഒക്യുപെൻസി വിഭാഗങ്ങൾ താരതമ്യപ്പെടുത്തുമ്പോൾ റൂൾ 35(2) പട്ടിക 2 പ്രകാരം കൂടുതൽ നിയന്ത്രിത കൈവശാവകാശഗണം A2 ആണെന്നത് വ്യക്തമാണ്. അതായത് ഇവിടെ കെട്ടിടത്തിന് മൊത്തത്തിൽ ബാധകമായ തറ വിസ്തീർണാനുപാത പരിധി, A2' വിഭാഗത്തിന്റേതാണ്. മേൽ പരാമർശിച്ച പട്ടിക പ്രകാരം ഇത്തരം കെട്ടിടങ്ങൾക്ക് അധിക ഫീസ് ഇല്ലാതെ അനുവദിക്കാവുന്ന തറ വിസ്തീർണ്ണാനുപാതം '1.5' ആണ്. അധികം വരുന്ന ഓരോ ചതുരശ്ര മീറ്ററിനും 5,000 രൂപ നിരക്കിൽ അധിക ഫീസ് വാങ്ങി പരമാവധി '2.25' വരെ തറ വിസ്തീർണ്ണാനുപാതം അനുവദിക്കാവുന്നതാണ്. ഇവിടെ കെട്ടിടത്തിന്റെ F.A.R 1.68 ആയിരുന്നിട്ടും (2212.53/1315) റൂൾ 35 (2) പട്ടിക 2 പ്രകാരമുള്ള F.A.R ഇനത്തിലുള്ള അധിക ഫീസ് ഈടാക്കിയിട്ടില്ല.

2). തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 12900/ ആർ.എ 1/15/ ത.സ്വ.ഭ.വ. തിയ്യതി 02/12/15 പ്രകാരം കെട്ടിടനിർമ്മാണം, പൂർത്തീകരണം എന്നിവ സംബന്ധിച്ചുള്ള അപേക്ഷകളിൻമേൽ എഞ്ചിനീയറിംഗ് വിഭാഗം വിശദമായ റിപ്പോർട്ട് തയ്യാറാക്കേണ്ടതാണ്. ഈ റിപ്പോർട്ടിൽ പ്ലോട്ടിന്റെ സർവ്വേ നം, വിസ്തീർണ്ണം, വില്ലേജ്, കൈവശാവകാശം, ഉപയോഗക്രമം, എഫ്.എ.ആർ., കവറേജ്, നിലകളുടെ എണ്ണം, പാർക്കിംഗ് സംബന്ധമായ കണക്കാക്കലുകൾ മുതലായവ സംബന്ധിച്ച വിശദമായ വിവരങ്ങൾ ഉണ്ടാകേണ്ടതാണെങ്കിലും ഓഡിറ്റിന് ഹാജരാക്കിയ മേൽ കെട്ടിടത്തിന്റെ കെട്ടിട നിർമ്മാണ - പൂർത്തീകരണ ഫയലുകളിൽ ഈ വിവരം പൂർണ്ണമായും ലഭ്യമല്ല.

3).<u>ഉപയോഗക്രമത്തിൽ വരുത്തിയ നിയമാനുസൃതമല്ലാത്ത മാറ്റങ്ങൾ</u>

വാണിജ്യ കെട്ടിടം നിർമ്മിക്കുന്നതിനാണ് പഞ്ചായത്ത് നിർമ്മാണാനുമതി (പെർമിറ്റ് നം. SC3-BA 9280/2017, തീയ്യതി 01.03.2017) നൽകിയിട്ടുള്ളത്. എന്നാൽ കെട്ടിടം പണി പൂർത്തീകരിച്ചത് വിനിയോഗ ഗണം മാറ്റിയാണ്. കെട്ടിട ഉടമസ്ഥൻ റിവൈസ്ഡ് പ്ലാൻ സമർപ്പിച്ചിട്ടുണ്ടോ എന്ന് വ്യക്തമല്ല. റിവൈസ്ഡ് പ്ലാൻ സമർപ്പിച്ചിട്ടുണ്ടെങ്കിൽ ആയത് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

4). കെട്ടിടത്തിന് നിയമാനുസൃത പാർക്കിംഗ്, ശുചീകരണ സൗകര്യങ്ങൾ, മാലിന്യ സംസ്കരണ സംവിധാനങ്ങൾ, മഴവെള്ള സംഭരണി തുടങ്ങിയ സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പ് വരുത്തിയതായി കാണുന്നില്ല.

5). 2011 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം.27(8) പ്രകാരം 10 മീറ്ററിൽ കൂടുതൽ ഉയരമുള്ള കെട്ടിടങ്ങൾക്ക് ഉണ്ടായിരിക്കേണ്ട ഏറ്റവും കുറഞ്ഞ ഉമ്മറം (Front Open Space) കൂടാതെ, 10 മീറ്റർ ഉയരം കവിയുന്ന ഓരോ 3 മീറ്റർ ഉയരത്തിന് അല്ലെങ്കിൽ അതിന്റെ അംശത്തിന്റെ ഉയരത്തിന് ഏറ്റവും കുറഞ്ഞത് 0.5 മീറ്റർ തുറസ്സായ സ്ഥലം എന്ന തോതിൽ വർദ്ധനവും വേണ്ടതാണ്. കൂടാതെ ചട്ടം.34(8) പ്രകാരം, കെട്ടിടങ്ങൾക്ക് ചുറ്റും നിർബന്ധമായും വേണ്ട തുറന്ന പ്രദേശങ്ങൾ (Minimum Mandatory Open Spaces) വാഹനങ്ങൾ പാർക്ക് ചെയ്യുന്നതിനായി അനുവദിക്കുവാൻ പാടുള്ളതല്ല. മേൽ നിബന്ധനകൾ മേൽ കെട്ടിടനിർമ്മാണത്തിൽ പാലിച്ചിട്ടില്ല. റൂൾ 38(7) പ്രകാരമുള്ള വ്യവസ്ഥ പാലിച്ചിട്ടുണ്ടോ എന്നതും വ്യക്തമല്ല.

6). കെട്ടിട കംപ്ലീഷൻ ഫയലിൽ നമ്പറിംഗ് അനുവദിച്ചതിനു ശേഷം അനധികൃത നിർമ്മാണം നടത്തിയതിന് പഞ്ചായത്ത് സെക്രട്ടറി കെട്ടിട ഉടമസ്ഥന് നോട്ടീസ് നല്കിയതായി കാണുന്നുണ്ട്. എന്നാൽ ഇതിന്റെ തുടർ നടപടി വിവരങ്ങൾ ലഭ്യമല്ല. 2011 ലെ കേരള പഞ്ചായത്ത് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ഉപചട്ടം 17 പ്രകാരം വസ്തു നികുതി നിർണ്ണയത്തിന് ശേഷം കെട്ടിടത്തിന്റെ തറ വിസ്തീർണ്ണത്തിലും ഉപയോഗ ക്രമത്തിലും വരുത്തുന്ന മാറ്റങ്ങൾ, കെട്ടിട ഉടമ മാറ്റം വരുത്തി മുപ്പത് ദിവസത്തിനകം സെക്രട്ടറിയെ അറിയിക്കേണ്ടതാണെങ്കിലും നാളിതു വരെയായി അറിയിച്ചതായി കാണുന്നില്ല. (ഓഡിറ്റ് എൻക്വയറി നം - 5തീയ്യതി 07-10-2021).

**<u>1-14 ഫോമുകളും രജിസ്റ്ററുകളും ലഭിക്കുവാൻ അവശേഷിക്കുന്നു.</u>**

ഗ്രാമ പഞ്ചായത്ത് ആവശ്യത്തിനായുള്ള ഔദ്യോഗിക ഫോമുകളും, രജിസ്റ്ററുകളും വാങ്ങുന്നതിനായി

2020-21 വർഷം 1,05,873/- രൂപ വൗ.നം.22000655/ തി.14.10.2020 പ്രകാരം ഗ്രാമ ലക്ഷ്മി മുദ്രാലയത്തിന് നൽകിയിട്ടുണ്ട്. ഇതുപ്രകാരം 53,999/- രൂപയുടെ ഫോമുകളും, രജിസ്റ്ററുകളുമാണ് ഗ്രാമ പഞ്ചായത്തിന് ഇതുവരെ ലഭ്യമായിട്ടുള്ളത്. തൻവർഷം നൽകിയ തുകയിൽ 51,874/- രൂപയുടെ ഫോമുകളും രജിസ്റ്ററുകളും ഗ്രാമ പഞ്ചായത്തിന് ലഭിക്കുവാൻ അവശേഷിക്കുന്നു. ഗ്രാമ ലക്ഷ്മി മുദ്രാലയവുമായി ബന്ധപ്പെട്ട് ആയതിന്റെ ലഭ്യത ഉറപ്പാക്കി, ബന്ധപ്പെട്ട രേഖകൾ (ഇൻവോയ്സ് & സ്റ്റോക്ക് എൻട്രി സർട്ടിഫിക്കറ്റ്) പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

**1-15 ഔദ്യോഗിക ആവശ്യത്തിനുള്ള ഫോമുകൾ, രജിസ്റ്ററുകൾ എന്നിവയുടെ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിപ്പ് -അപാകതകൾ**

ഗ്രാമ പഞ്ചായത്ത് ആവശ്യത്തിനായുള്ള ഔദ്യോഗിക ഫോമുകളും, രജിസ്റ്ററുകളും ഗ്രാമ ലക്ഷ്മി മുദ്രാലയം , പാലക്കാട് എന്ന സ്ഥാപനത്തിൽ നിന്നുമാണ് വാങ്ങുന്നത് . എന്നാൽ ഇവയുടെ വരവ് , ഇഷ്യു വിവരങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തുന്നത് ക്രമ പ്രകാരമല്ല. ഒരു ഇൻവോയ്സ് പ്രകാരം ലഭിക്കുന്ന ഇനങ്ങൾ (എം.ബുക്കുകൾ ഒഴികെ) മൊത്തമായി സ്റ്റോക്ക് രജിസ്റ്ററിൽ ഒരു പേജിൽ രേഖപ്പെടുത്തുന്ന രീതിയാണ് ഗ്രാമ പഞ്ചായത്തിൽ തുടർന്നു വരുന്നത് . ഇവയുടെ വിതരണ വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല. 2019-20 വർഷം ഗ്രാമ ലക്ഷ്മി മുദ്രാലയത്തിൽ നിന്നും ലഭിച്ച 1,40,287 രൂപയുടെ ഫോമുകൾ, രജിസ്റ്ററുകൾ (37 ഇനങ്ങൾ) എന്നിവയുടെ വിവരങ്ങൾ എം.ബുക്കിന്റെ സ്റ്റോക്ക് രജിസ്റ്റർ പേജ് 27 ലും 2020-21 ൽ ലഭിച്ച 53,999/- രൂപയുടെ ഫോമുകൾ, രജിസ്റ്ററുകൾ (47 ഇനങ്ങൾ) എന്നിവയുടെ വിവരങ്ങൾ പേജ് 28, 29 എന്നിവയിലുമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എം.ബുക്കിന്റെ വിവരങ്ങൾ പ്രത്യേക പേജിൽ രേഖപ്പെടുത്തുന്നുണ്ടെങ്കിലും വിവിധയിനങ്ങളിലുള്ള മറ്റ് ഫോമുകൾ , രജിസ്റ്ററുകൾ എന്നിവയുടെ സ്റ്റോക്ക് വിവരങ്ങൾ ഒരു പേജിൽ മാത്രമായി രേഖപ്പെടുത്തുന്നത് മൂലം അവയുടെ വിതരണം, നീക്കിയിരിപ്പ് എന്നിവ നിരീക്ഷിക്കുവാൻ സാധിക്കാത്ത സാഹചര്യമാണുള്ളത് . ഔദ്യോഗിക ഫോമുകൾ, രജിസ്റ്ററുകൾ എന്നിവയുടെ സ്റ്റോക്ക് നീക്കിയിരിപ്പിന്റെ കൃത്യത വിലയിരുത്താതെയാണ് എല്ലാ വർഷവും ഇവയ്ക്കുള്ള ഓർഡറുകൾ ഗ്രാമ ലക്ഷ്മി മുദ്രാലയത്തിന് നൽകുന്നതും, പുതുതായി വാങ്ങുന്നതും. ഇക്കാര്യം പരിശോധിച്ച് ഔദ്യോഗിക ആവശ്യത്തിനായി വാങ്ങുന്ന ഫോമുകൾ , രജിസ്റ്ററുകൾ എന്നിവ ഒരോ ഇനവും പ്രത്യേകം പേജുകളിൽ രേഖപ്പെടുത്തി അവയുടെ വിതരണം, നീക്കിയിരിപ്പ് എന്നീ വിവരങ്ങൾ കൈപ്പറ്റുന്ന ഉദ്യോഗസ്ഥന്റെ പേര് സഹിതം രേഖപ്പെടുത്തി ഗ്രാമ പഞ്ചായത്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതും , ഇതുപ്രകാരമുള്ള നീക്കിയിരിപ്പ് കണക്കാക്കി, ആവശ്യകത നിർണ്ണയിച്ച ശേഷം മാത്രം തുടർന്നുള്ള വാങ്ങൽ നടപടികൾ സ്വീകരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

**1-16 ആർജിത അവധി സറണ്ടർ അനുവദിച്ചതിലെ- അപാകത.**

05.11.2020 ലെ ജി.ഒ. (പി)നം. 152/2020/ധന പ്രകാരം സർക്കാർ ജീവനക്കാരുടെ 2021-2022 സാമ്പത്തിക വർഷത്തെ ആർജിത അവധി സറണ്ടർ അനുവദിക്കുന്നതു സമ്പന്ധിച്ച് സർക്കാർ ചില നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിരുന്നു. കോവിഡ്-19 ന്റെ പശ്ചാത്തലത്തിൽ ഇപ്രകാരം ഏർപ്പെടുത്തിയ നിയന്ത്രണങ്ങൾ സംബന്ധിച്ച് പുതുക്കിയ നിർദ്ദേശങ്ങൾ വരുന്നതിനു മുൻപേ ഗ്രാമ പഞ്ചായത്തിലെ ജീവനക്കാർക്ക് 2021-2022 സാമ്പത്തിക വർഷത്തെ ആർജിത അവധി സറണ്ടർ അനുവദിച്ചിട്ടുണ്ട്. ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ 01.06.2021ലെ ഉത്തരവ് നമ്പർ എ2-3331/2021 പ്രകാരം ചുവടെ പരാമർശിക്കുന്ന ജീവനക്കാർക്ക് 4,40,960/- രൂപ ആർജിത അവധി സറണ്ടർ അനുവദിച്ചിട്ടുണ്ട്. ചെക്ക് നമ്പർ 304044/ 01.06.2021 പ്രകാരം ഈ തുക ഗ്രാമ പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും മാറിയിട്ടുണ്ട്.

| ക്രമ നം | ജീവനക്കാരന്റെ പേര്, തസ്തിക. | ആർജിത അവധി സറണ്ടർ ഇനത്തിൽ അനുവദിച്ച തുക. |
|---|---|---|
| | | |

| | | |
|---|---|---|
| 1 | മേഘനാഥൻ.പി, അസിസ്റ്റന്റ് സെക്രട്ടറി | 59,829/- |
| 2 | വിനോദ്.സി.വി, ഹെഡ് ക്ലാർക്ക് | 57,054/- |
| 3 | ഷിനോജ്.സി.എച്ച്, അക്കൗണ്ടന്റ് | 53,058/- |
| 4 | സജിന.പി.ജി, സീനിയർ ക്ലാർക്ക് | 50,616/- |
| 5 | സവിത.പി, സീനിയർ ക്ലാർക്ക് | 43,623/- |
| 6 | ശ്രീജ.കെ, ക്ലാർക്ക് | 34,521/- |
| 7 | സജിത.ടി.പി, ക്ലാർക്ക് | 34,521/- |
| 8 | സുനിൽ കുമാർ.എം, ക്ലാർക്ക് | 40,515/- |
| 9 | അനീഷ്.പി, ക്ലാർക്ക് | 30,304/- |
| 10 | അനില.എം, ഓഫീസ് അറ്റൻഡന്റ് | 36,519/- |
| 11 | ജനാർദ്ദനൻ.കെ.പി,<br>പാർട്ട് ടൈം ലൈബ്രേറിയന് | 10,400/- |
| | ആകെ | 4,50,960/- |

2021-2022 സാമ്പത്തിക വർഷത്തെ ആർജിത അവധി സറണ്ടർ അനുവദിക്കുന്നതുമായ് ബന്ധപ്പെട്ട് ട്രഷറി വകുപ്പ് ഡയറക്ടറുടെ 31.05.2021ലെ കത്ത് നമ്പർ TRY/1850/2021-E1 പ്രകാരം ആർജിത അവധി സറണ്ടർ അനുവദിക്കുന്നതിന് സർക്കാർ ഏർപ്പെടുത്തിയ നിയന്ത്രണങ്ങൾ സമ്പന്ധിച്ച് പുതുക്കിയ നിർദ്ദേശങ്ങൾ ലഭിച്ചതിനുശേഷം മാത്രമേ സംസ്ഥാന സർക്കാർ ജീവനക്കാർ ജീവനക്കാരുടെ സറണ്ടർ ബില്ലുകൾ പരിഗണിക്കേണ്ടതുള്ളൂ എന്ന നിർദ്ദേശം ഉണ്ട്. ഇതിന്റെയടിസ്ഥാനത്തിൽ സംസ്ഥാന സർക്കാർ ജീവനക്കാർക്ക് 2021-2022 സാമ്പത്തിക വർഷത്തെ സറണ്ടർ അനുവദിച്ചിട്ടില്ല.

26.07.2021 ലെ ജി.ഒ (പി)നം 104/2021/ധന പ്രകാരം സർക്കാർ കോവിഡ്-19 ന്റെ പശ്ചാത്തലത്തിൽ സർക്കാർ ജീവനക്കാരുടെ ആർജിത അവധി സറണ്ടർ അനുവദിക്കുന്നതിന് ഏർപ്പെടുത്തിയ നിയന്ത്രണങ്ങൾ 01.06.2021 മുതൽ 6 മാസത്തേക്കുകൂടി ദീർഘിപ്പിച്ച് ഉത്തരവായിട്ടുണ്ട്.

2021-2022 സാമ്പത്തിക വർഷത്തെ ആർജിത അവധി സറണ്ടർ അനുവദിക്കുന്നതുമായ് ബന്ധപ്പെട്ട് സർക്കാരിൽ നിന്നും തുടർ നിർദ്ദേശങ്ങൾ ലഭിക്കുന്നതിനു മുൻപുതന്നെ ഗ്രാമ പഞ്ചായത്തിലെ ജീവനക്കാർക്ക് ആർജിത അവധി സറണ്ടർ അനുവദിച്ചതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയിക്ക് (നം. 3/2020-21 തിയതി 06.10.2021) നൽകിയ മറുപടിയിൽ ജി.ഒ (പി)നം 152/2020/ധന തീയതി 05.11.2020പ്രകാരം ആർജിത അവധി സറണ്ടർ അനുവദിക്കുന്നതിനുള്ള നിയന്ത്രണങ്ങൾ 01.06.2020ന് അവസാനിച്ചതിനാലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് തുടർ നിർദ്ദേശങ്ങൾ ലഭിക്കാതിരുന്നതിലുമാണ് ജീവനക്കാർക്ക് ആർജിത അവധി സറണ്ടർ അനുവദിച്ചത് എന്ന് വിശദീകരിക്കുകയുണ്ടായി. സാമ്പത്തിക നിയന്ത്രണത്തിന്റെ ഭാഗമായി സർക്കാർ ഏർപ്പെടുത്തുന്ന നിയന്ത്രണങ്ങൾ എല്ലാ വകുപ്പുകൾക്കും ബാധകമാണ്. ഇത്തരം നിയന്ത്രണങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

**<u>1-17 ഇ ടെണ്ടർ അക്കൗണ്ട് - ഇ-ടെണ്ടറിന്റെ സൈറ്റുമായി മാപ്പ് ചെയ്തിട്ടില്ല.</u>**

പഞ്ചായത്ത് നടപ്പിലാക്കുന്ന വിവിധ മരാമത്ത് പ്രവൃത്തികളുടെ ഇ-ടെണ്ടർ നടത്തുമ്പോൾ ബിഡ്ഡർമാർ ഓൺലൈൻ ആയി അടക്കുന്ന ബിഡ് സമർപ്പണ ഫീസ് ക്രെഡിറ്റ് ചെയ്യപ്പെടുന്നതിനായി ഗ്രാമ പഞ്ചായത്തിലെ അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിൽ എസ്.ബി.ഐ., ചീമേനി ശാഖയിൽ അക്കൗണ്ട് (അക്കൗണ്ട് നം 37133973282) ആരംഭിച്ചിട്ടുണ്ട്. എന്നാൽ ഈ അക്കൗണ്ട് ഇ-ടെണ്ടറിന്റെ സൈറ്റുമായി മാപ്പ് ചെയ്യാത്തതിനാൽ ഇ-ടെണ്ടർ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ബിഡ് സമർപ്പണ ഫീസ് അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്യുന്നില്ല. അക്കൗണ്ട് ഇ-ടെണ്ടറിന്റെ സൈറ്റുമായി മാപ്പ്

ചെയ്യാത്തതിനാൽ നിലവിൽ ബിഡ് സമർപ്പണ ഫീസ് കാസറഗോഡ് ജില്ലാ പഞ്ചായത്ത് എൽ.ഐ.ഡി. & ഇ.ഡബ്ല്യു. ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിലുള്ള അക്കൗണ്ടിലാണ് വരവ് വെയ്ക്കുന്നത്. ആയതിനാൽ, ഗ്രാമ പഞ്ചായത്തിലെ അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിൽ ആരംഭിച്ച അക്കൗണ്ട് എത്രയും പെട്ടന്ന് ഇ-ടെണ്ടറിന്റെ സൈറ്റുമായി മാപ്പ് ചെയ്യേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം. 8/2020-21 തിയതി 07.10.2021).

## 1-18 തുല്യത പഠനം - വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല

| | |
|---|---|
| പ്രോജക്ട് നം. | 13/2021 |
| പ്രോജക്ടിന്റെ പേര് | തുല്യത പഠനം- പഠിതാക്കളുടെ ഫീസ് നല്കൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ്മാസ്റ്റർ, |
| അടങ്കൽ | 60,000/- രൂപ (തനത് ഫണ്ട്) |
| ചെലവ് തുക | 33,050/-രൂപ |
| ചെക്ക് നമ്പർ, തീയ്യതി | 0302900, തീയ്യതി 18.02.2021 |

ഗ്രാമ പഞ്ചായത്തിന്റെ 2020-21 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ തുല്യത പഠനം പഠിതാക്കളുടെ ഫീസ് നല്കൽ പദ്ധതി പ്രകാരം ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ വരുന്ന പത്താംതരം തുല്യത കോഴ്സിൽ ചേർന്ന 3 പഠിതാക്കൾക്കും, ഹയർ സെക്കണ്ടറി തുല്യത കോഴ്സിൽ ചേർന്ന 11 പഠിതാക്കൾക്കും കോഴ്സ് ഫീസ് നൽകുന്നതിനായി തനത് ഫണ്ടിൽ നിന്നും 33,050/-രൂപ ചെലവഴിച്ചിട്ടുണ്ട്. തുക ചെലവഴിച്ചതിന്റെ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഇനം | ചെലവഴിച്ച തുക |
|---|---|---|
| 1 | പത്താംതരം തുല്യത പഠിതാക്കളുടെ കോഴ്സ് ഫീസ് നൽകുന്നതിനായി ഒരു പഠിതാവിന് 1,850/-രൂപ നിരക്കിൽ 3 പഠിതാക്കളുടെ തുക ഡയറക്ടർ, കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റി തിരുവനന്തപുരത്തിന് നൽകിയത് | 5,550/- |
| 2 | ഹയർ സെക്കണ്ടറി തുല്യത പഠിതാക്കളുടെ കോഴ്സ് ഫീസ് നൽകുന്നതിനായി ഒരു പഠിതാവിന് 2,500/- രൂപ നിരക്കിൽ 11പഠിതാക്കളുടെ തുക ഡയറക്ടർ, കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റി തിരുവനന്തപുരത്തിന് നൽകിയത് | 27,500/- |
| ആകെ | | 33,050/- |

പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട ഫയലുകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) കോഴ്സ് ഫീസ് ഇനത്തിൽ കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റിക്ക് കൈമാറിയ തുകയായ 33,050/- രൂപയുടെ വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

2) ഇരു വിഭാഗങ്ങളിലുമായി ആകെ രജിസ്റ്റർ ചെയ്ത 14 പഠിതാക്കളിൽ പരീക്ഷ എഴുതിയവരുടേയും പാസ്സായവരുടേയും സർട്ടിഫിക്കറ്റ് വിതരണം ചെയ്തവരുടേയും എണ്ണം സംബന്ധിച്ച വിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

പ്രൊജക്ട് തുക ചെലവഴിച്ചതുമായി ബന്ധപ്പെട്ട് മേൽ ചൂണ്ടികാണിച്ച അപാകതകൾ പരിഹരിക്കുന്നതിനാവശ്യമായ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കുന്നതുവരെ ചെലവ് തുക 33,050/- രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു.

(ഓഡിറ്റ് എൻക്വയറി നം. 12/08.10.2021)

## 1-19 ലൈഫ് ഭവന പദ്ധതി

നിർവഹണ ഉദ്യോഗസ്ഥൻ - വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, കയ്യൂർ സർക്കിൾ

ഗ്രാമ പഞ്ചായത്തിൽ നടപ്പിലാക്കിവരുന്ന ലൈഫ് (രണ്ടാം ഘട്ട) ഭവന പദ്ധതിയ്ക്കായി പ്രോജക്ട് നം. 0263/21, 0264/21, 0070/2021, 0199/2021എന്നിവ പ്രകാരം 2020-21 വർഷം 32,00,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. നിർവ്വഹണ ഉദ്യോഗസ്ഥൻ ലഭ്യമാക്കിയ വിവരങ്ങൾ പ്രകാരം ചുവടെ ചേർത്ത 19 ഗുണഭോക്താക്കൾ വീട് നിർമ്മാണം പൂർത്തീകരിക്കുവാൻ അവശേഷിക്കുന്നുണ്ട്. ഭവന നിർമ്മാണം പൂർത്തീകരിക്കുവാൻ അവശേഷിക്കുന്ന ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം എത്രയും വേഗം പൂർത്തീകരിക്കുവാനും, നിർമ്മാണം പൂർത്തീകരിച്ചിട്ടും തുടർ ഗഡുക്കൾ നൽകാത്തവർക്ക് പ്രസ്തുത തുക ലഭ്യമാക്കുവാനും ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുക | നിലവിലെ നിർമ്മാണ സ്ഥിതി |
|---|---|---|---|
| 1 | രാമകൃഷ്ണൻ എം. (പട്ടിക ജാതി) | 80,000/- | തറ |
| 2 | പ്രിയേഷ് കെ. (പട്ടിക ജാതി) | 1,80,000/- | ലിന്റൽ |
| 3 | രാജേഷ് വി. (പട്ടിക ജാതി) | 80,000/- | തറ |
| 4 | പുരുഷോത്തമൻ (പട്ടിക ജാതി) | 40,000/- | നിർമ്മാണം തുടങ്ങിയിട്ടില്ല |
| 5 | അശോകൻ എം. (പട്ടിക ജാതി) | 1,80,000/- | മേൽക്കൂര |
| 6 | പ്രകാശൻ പി. (പട്ടിക ജാതി) | 80,000/- | തറ |
| 7 | ഷീല പി. (പട്ടിക ജാതി) | 1,80,000/- | ലിന്റൽ |
| 8 | രഞ്ജിത്ത് എം. കെ. (പട്ടിക ജാതി) | 80,000/- | തറ |
| 9 | ശോഭ എം.(പട്ടിക ജാതി) | 1,80,000/- | തറ |
| 10 | സ്മിത എം. (പട്ടിക ജാതി) | 1,40,000/- | തറ |
| 11 | ജനാർദ്ധനൻ എം. (പട്ടിക ജാതി) | 1,40,000/- | തറ |
| 12 | അമ്പു പി. (പട്ടിക ജാതി) | 1,40,000/- | ലിന്റൽ |
| 13 | കമല സി. (പട്ടിക ജാതി) | 1,40,000/- | മേൽക്കൂര |
| 14 | മോഹനൻ എം. പി.(പട്ടിക ജാതി) | 40,000/- | നിർമ്മാണം തുടങ്ങിയിട്ടില്ല |
| 15 | ഷാജി ഇ.(പട്ടിക ജാതി) | 1,40,000/- | തറ |
| | | | |

| | | | |
|---|---|---|---|
| 16 | സുരേഷ് പി. എം. (പട്ടിക ജാതി) | 1,40,000/- | തറ |
| 17 | അനീഷ് കുമാർ എം.വി. (പട്ടിക ജാതി) | 40,000/- | നിർമ്മാണം തുടങ്ങിയിട്ടില്ല |
| 18 | ശ്രീജ കെ എൻ (പട്ടിക വർഗ്ഗം) | 1,80,000/- | ലിന്റൽ |
| 19 | കാവ്യ ജയേഷ് (പട്ടിക വർഗ്ഗം) | 1,80,000/- | ലിന്റൽ |

മേൽ പരാമർശിച്ച ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം പൂർത്തീകരിച്ച് വിശദവിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം. 14/08.10.2021)

**1-20 അക്രഡിറ്റ് ഏജൻസിക്ക് കരാറുകാരന്റെ ലാഭവിഹിതം അനുവദിച്ചു- അധികം നൽകിയ തുക തിരികെ ഈടാക്കണം.**

നിർവ്വഹണോദ്യോഗസ്ഥൻ - അസിസ്റ്റന്റ് എഞ്ചിനീയർ.

കയ്യൂർ ചീമേനി ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കള്ളപ്പാത്തി വാതക ശ്മശാനത്തിൽ 15 KVA ജനറേറ്റർ സ്ഥാപിക്കുന്നതിനുള്ള പദ്ധതി 2020-2021 സാമ്പത്തിക വർഷം നടപ്പാക്കിയിട്ടുണ്ട് (പ്രൊജക്ട് നം. എസ്.ഒ. 0134/21). അക്രഡിറ്റ് ഏജൻസിയായ സ്റ്റീൽ ഇൻഡസ്ട്രിയൽസ് കേരള ലിമിറ്റഡ് (SILK) മുഖേനയാണ് പദ്ധതി നടപ്പാക്കിയത് . പദ്ധതിയ്ക്കായി 15 KVA ജനറേറ്റർ സ്ഥാപിക്കുന്നതിനും അതുമായി ബന്ധപ്പെട്ട അനുബന്ധ പ്രവൃത്തികൾക്കുമായി DSR 2016 (Cost Index 32.04%) പ്രകാരം 4,32,035/- രൂപയുടെ എസ്റ്റിമേറ്റ് (നം.ABSU/ 4.02(43)/ 2020-21/346 തീയതി 19.12.2020) നിർവ്വഹണ ഏജൻസിയായ SILK തയ്യാറാക്കിയിട്ടുണ്ട്. ആയതിന് SILK-ന്റെ സാങ്കേതിക സമിതി പരിശോധിച്ച് സാങ്കേതികാനുമതി (നം. SILK/TS/SBAU/2020-21/686 തീയതി 23.02.2021) നൽകുകയും ചെയ്തിട്ടുണ്ട്. SILK തയ്യാറാക്കിയ എസ്റ്റിമേറ്റിന്റെ വിശദാംശം ചുവടെ വിവരിക്കുന്നു.

| Si No | Description | Quantity | Rate | Amount |
|---|---|---|---|---|
| 1 | Earth Work In Excavation By Mechanical Means (Hydraulic Excavator)/Manual Means Over Areas (Exceeding 30 Cm In Depth, 1.5 M In Width As Well As 10 Sqm On Plan)-Odinary Rock<br>Including Getting Out And Disposal Of Excavated Earth (Code 2.7.1) | 1.000 Cum | 219.71/Cum | 219.71 |
| 2 | Supplying And Stacking Of Hard Stone (For Stone Pitching) 22.5 Cm Thick At Site (Code 16.72) . | 1.000 Cum | 1162.61/Cum | 1162.61 |
| 3 | Providing And Laying In Position Cement Concrete Of Specified Grade Excluding<br>The Cost Of Centering And Shuttering - All Work Up To Plinth Level 1:4:8 (Code 4.1.8) | 0.600 Cum | 5912.95/Cum | 3547.77 |
| 4 | Centering And Shuttering Including Strutting, Propping Etc. And Removal Of Form For Foundations, Footings, Bases Of Columns, Etc. For Mass Concrete (Code 5.9.1) | 2.160 Sqm | 256.09/Sqm | 553.15 |
| 5 | Steel Work In Built Up GI Tubular (Round, Square Or Rectangular Hollow Tubes Etc) Trusses Etc. | 224.85 Kg | 132.23/Kg | 29731.92 |

| | | | | |
|---|---|---|---|---|
| | (Code 50.10.1) | | | |
| 6 | Structural Steel Work Riveted, Bolted Or Welded In Built Up Sections, Trusses And Framed Work Including Cutting, Hoisting, Fixing In Position And Applying Priming Coat (Code 10.2) | 4.710 Kg | 89.33/Kg | 420.74 |
| 7 | Providing And Fixing Precoated Galvanised Iron Profile Sheets (Size, Shape And Pitch Of Corrugation As Approved By Engineer-In-Charge) 0.50 Mm (+ 0.05 %) (Code 12.50) | 12.000 Sqm | 726.75/Sqm | 8721.00 |
| 8 | Painting With Synthetic Enamel Paint Of Approved Brand And Manufacture To<br>Give An Even Shade :Two Or More Coats On New Work (Code 13.61.1) | 10.000 Sqm | 103.52/Sqm | 1035.20 |
| 9 | Supply And Installation Of Generator 6 Pole Changeover Switch Including Wiring, Labour And Materials | 1.000 No | 3500.00/No | 3500.00 |
| 10 | 3 Earthing With Gl Earth Plate 300mm X 300mm X 3mm Thick Including Accessories And Providing Masonry Enclosure With Cover Plate.. | 2.000 No | 5713.37/No | 11426.74 |
| 11 | KG 1-15 AS Model KOEL IGREEN 15KVA, 3 Phase (415V, 12KVA) Diesel Generator Set | 1.000 No | 287143.00/No | 287143.00 |
| 12 | Trial Running Cost Including 50 Liter Diesel | 1.000 No | 5000.00/No | 5000.00 |
| 13 | Electrification Work Using 6 Sq Mm Wire And 20 Mm PVC Conduct Including Cost Of Material | 1.000 No | 18000.00/No | 18000.00 |
| 14 | Transportation, Loading And Unloading Charge Of Generator. | Lump Sum | 15000.00 | 15000.00 |
| | Total | | | 385745.67 |
| | (+) GST (@ 12.0%) | | | 46289.48 |
| | **Grand Total** | | | 432035.15 |

(മേൽ പറഞ്ഞ പ്രകാരം തയ്യാറാക്കിയ എസ്റ്റിമേറ്റ് SILK-ന്റെ അസിസ്റ്റന്റ് എഞ്ചിനീയർ, സിവിൽ എഞ്ചിനീയർ, ഇലക്ട്രിക്കൽ എഞ്ചിനീയർ, പ്ലാന്റ് ഇൻചാർജ്, യൂണിറ്റ് ഇൻചാർജ് എന്നിവർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.)

പ്രവൃത്തിയുടെ അളവുകൾ എം ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല. ASBU/4.02(43)/2020-21/2009 തീയതി 25.03.2021 നമ്പർ കത്ത് പ്രകാരം SILK പ്രവൃത്തിയുടെ ബില്ല് തയ്യാറാക്കി ഗ്രാമ പഞ്ചായത്തിന് നൽകിയുട്ടുണ്ട്. ഇപ്രകാരം തയ്യാറാക്കിയ ബില്ലിൽ പ്രവൃത്തിയുടെ അളവുകൾ രേഖപ്പടുത്തിയതും ചെക്ക് മെഷർമെന്റ് ചെയ്തതും SILK-ന്റെ എഞ്ചിനീയർമാരാണ്. എസ്റ്റിമേറ്റിൽ പറഞ്ഞ വിവിധയിനം പ്രവത്തികൾ (ക്രമ നമ്പർ 1 മുതൽ 14 വരെ) അതേ അളവിൽ ബില്ലിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

മേൽ വിശദീകരിച്ച പ്രകാരം SILK തയ്യാറാക്കി നൽകിയ ബില്ലിൽ നിന്നും നികുതികൾ ഈടാക്കി ചുവടെ വിവരിക്കും പ്രകാരം 4,23,395/- രൂപ ഗ്രാമ പഞ്ചായത്തിലെ അസിസ്റ്റന്റ് എഞ്ചിനീയർ

പദ്ധതിയുടെ അക്രഡിറ്റ് ഏജൻസിയായ സ്റ്റീൽ ഇൻഡസ്ട്രിയൽസ് കേരള ലിമിറ്റഡിന് (SILK) നൽകിയിട്ടുണ്ട്.

| | |
|---|---|
| ബിൽ തുക | ₹ 4,32,035/- |
| (-) ആദായ നികുതി @ 1% | ₹ 4,320/- |
| (-) നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം @ 1% | ₹ 4,320/- |
| SILK -ന് നല്കിയ തുക | ₹ 4,23,395/- |
| ബിൽ റഫറൻസ് നംമ്പർ/തീയതി | 20200352006101402695/27.03.2021 |

ഈ പ്രവൃത്തിക്കായി സ്റ്റീൽ ഇൻഡസ്ട്രിയൽസ് കേരള ലിമിറ്റഡ് തയ്യാറാക്കിയ എസ്റ്റിമേറ്റിൽ 10% കരാറുകാരന്റെ ലാഭം (10% CP) ഉൾപ്പട്ടിട്ടുണ്ട്. 25.07.2017 ലെ ജി.ഒ.(പി) നം 95/2017/ഫിൻ പ്രകാരം അക്രഡിറ്റ് ഏജൻസികൾ ടെണ്ടറിൽ പങ്കെടുത്ത് പ്രവൃത്തികൾ ലഭിക്കുന്നവെങ്കിൽ മാത്രമാണ് കരാറുകാരന്റെ ലാഭം (CP) എസ്റ്റിമേറ്റിൽ ഉൾപ്പടുത്താൻ പാടുള്ളൂ. അക്രഡിറ്റ് ഏജൻസികളെ നേരിട്ട് എൽപ്പിക്കുന്ന പ്രവൃത്തികൾക്ക് കരാറുകാരന്റെ ലാഭം (CP) അനുവദനീയമല്ല. അക്രഡിറ്റ് ഏജൻസികൾ നേരിട്ട് ഏറ്റെടുക്കുന്ന പ്രവർത്തികളിൽ ഓവർഹെഡ് ചാർജ്ജും സെന്റേജ് ചാർജ്ജും എസ്റ്റിമേറ്റ് തുകയുടെ കൂടെ അനുവദനീയമാണ്. ഈ പ്രവൃത്തി ഏറ്റെടുത്തു നടപ്പാക്കുന്നതിനായി സ്റ്റീൽ ഇൻഡസ്ട്രിയൽസ് കേരള ലിമിറ്റഡിനെ ടെണ്ടർ നടപടികൾ ഇല്ലാതെ നേരിട്ട് ഏൽപ്പിക്കയാണുണ്ടായത്. ആയതിനാൽ കരാറുകാരന്റെ ലാഭം (CP) ഈ പ്രവൃത്തിയിൽ അനുവദനീയമല്ല. എന്നാൽ എസ്റ്റിമേറ്റിൽ 10% കരാറുകാരന്റെ ലാഭം (CP) തെറ്റായി അനുവദിച്ചതുമൂലം 13,313/- രൂപയുടെ അധിക ചെലവ് ഗ്രാമ പഞ്ചായത്തിന് ഉണ്ടായിട്ടുണ്ട്. പ്രവൃത്തി ചെയ്തതിന് സ്റ്റീൽ ഇൻഡസ്ട്രിയൽസ് കേരള ലിമിറ്റഡിന് യഥാർത്ഥത്തിൽ അനുവദിക്കേണ്ട തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| ആകെ പ്രവൃത്തിമൂല്യം | ₹ 3,50,678/-<br>(₹ 385746 X 100/110) |
| (+) 12% GST | ₹ 42,081/- |
| (+) 8 % സെന്റേജ് ചാർജ്ജ് | ₹ 28,054/- |
| (+) 18% GST On Centage Charges | ₹ 5,050/- |
| **ആകെ** | **₹ 4,25,863/-** |
| (-) ആദായ നികുതി @ **1.5%** | ₹ 5,260/- |
| (-) നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം @ 1% | ₹ 3,507/- |
| (-) CGST @ 1% | ₹ 3,507/- |
| (-) SGST @ 1% | ₹ 3,507/- |
| SILK -ന് യഥാർത്ഥത്തിൽ നൽകേണ്ടിയിരുന്ന തുക | ₹ 4,10,082/- |
| SILK -ന് നല്കിയ തുക | ₹ 4,23,395/- |
| അധികം നല്കിയ തുക | ₹ 13,313/- |

പ്രവൃത്തിയ്ക്കായി അധികം ചെലവഴിച്ച 13,313/- രൂപ സ്റ്റീൽ ഇൻഡസ്ട്രിയൽസ് കേരള ലിമിറ്റഡിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്. കൂടാതെ കുറഞ്ഞ നിരക്കിൽ ആദായ നികുതി ഈടാക്കിയതു മൂലം കുറവ് വന്ന തുകയും CGST, SGST എന്നീ ഇനങ്ങളിൽ ഈടാക്കാനുള്ള തുകയും ബന്ധപ്പെട്ട വകുപ്പുകളിൽ ഒടുക്കേണ്ടതാണ്.

**1-21 പ്രവൃത്തി പൂർത്തീകരണത്തിലെ കാലതാമസത്തിനു ചുമത്തിയ പിഴ - തുക പിൻവലിച്ച് ഗ്രാമ**

**പഞ്ചായത്തിന്റെ സേവിങ്ങ്സ് അക്കൗണ്ടിൽ നിക്ഷേപിച്ചു.**

പഞ്ചായത്തിന്റെ എൽ.എസ്.ജി.ഡി. എഞ്ചിനീയറിംഗ് വിഭാഗം നടപ്പിലാക്കിയ ചുവടെ പരാമർശിക്കുന്ന പൊതുമരാമത്ത് പ്രവൃത്തികളുടെ നിർവഹണത്തിലുണ്ടായ കാലതാമസത്തിന് കരാർ വ്യവസ്ഥകൾ പ്രകാരമുള്ള പിഴ ഈടാക്കിയിട്ടുണ്ട്. കരാറുകാർക്ക് കരാർ വ്യവസ്ഥ പ്രകാരമുള്ള സമയ പരിധിക്കകം പ്രവൃത്തി പൂർത്തീകരിക്കാൻ സാധിക്കുന്നില്ലെങ്കിൽ പ്രവൃത്തികളുടെ നിർവഹണത്തിലുള്ള കാല താമസത്തിനുള്ള പിഴ ബന്ധപ്പെട്ട കരാറുകാരിൽ നിന്നും ഈടാക്കി പൂരകകരാർ ചമച്ച് നിർവഹണ കാലാവധി രേഖാമൂലം നീട്ടി നൽകേണ്ടതാണ്. ഇപ്രകാരം കരാറുകാരിൽ നിന്നും കാലതാമസത്തിനുള്ള പിഴയിനത്തിൽ ഈടാക്കുന്ന തുക ഗ്രാമ പഞ്ചായത്തിന്റെ തനതു ഫണ്ട് അക്കൗണ്ടിൽ (അക്കൗണ്ട് നം 79901300000276) ഒടുക്കുകയാണ് ചെയ്യേണ്ടിയിരുന്നത്. എന്നാൽ മെയിന്റനൻസ് ഫണ്ട്, ധനകാര്യ കമ്മീഷൻ അവാർഡ് എന്നിവയിൽ നിന്നുള്ള പ്രവൃത്തികളുടെ ബിൽ തുകകൾ നൽകുമ്പോൾ പ്രവൃത്തി പൂർത്തീകരണത്തിലെ കാലതാമസത്തിനു ചുമത്തിയ പിഴ തുകകൾ കൺസോളിഡേറ്റഡ് ഫണ്ടിൽ നിന്നും പിൻവലിച്ച് ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ ട്രഷറിയിലുള്ള സേവിങ്ങ്സ് അക്കൗണ്ടിലാണ് നിക്ഷേപിച്ചിട്ടുള്ളത്. പ്രവൃത്തികളുടെ ബില്ലുകൾ തീർപ്പാക്കുമ്പോൾ പിഴ തുകകൾ ക്രമീകരിക്കുന്ന സംഗതിയിൽ യഥാർത്ഥത്തിൽ പ്രവൃത്തിയുടെ മൂല്യത്തുകയിൽ നിന്നും പിഴയിനത്തിലുള്ള തുക കുറവ് ചെയ്ത് ബാക്കി തുക മാത്രമേ കൺസോളിഡേറ്റഡ് ഫണ്ടിൽ നിന്നും പിൻവലിക്കേണ്ടത്. അതിനു പകരം പിഴ തുക അടക്കമുള്ള തുക പിൻവലിച്ച് പിഴ തുക പഞ്ചായത്തിന്റെ സേവിങ്ങ്സ് അക്കൗണ്ടിലേക്ക് മാറ്റുക വഴി സർക്കാറിന്റെ കൺസോളിഡേറ്റഡ് ഫണ്ടിൽ നിന്നും തുക പിൻവലിച്ച് ഗ്രാമ പഞ്ചായത്തിന്റെ വരുമാനം ആക്കി മാറ്റുന്നതിലേക്ക് വഴി വച്ചു. ഇത് ശരിയായ നടപടിയല്ല. പഞ്ചായത്തിന്റെ 2020-2021 വർഷത്തിൽ 31,560/- രൂപ ഇപ്രകാരം വകമാറ്റിയിട്ടുണ്ട്. ഈ തുക കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരിച്ചടക്കേണ്ടതാണ് .

(ഓഡിറ്റ് എൻക്വയറിനം. 7/2020-21. തി. 07.10.2021)

| പ്രവൃത്തിയുടെ പേര്, പ്രൊജക്ട് നമ്പർ. | കരാറു കാരന്റെ പേര് | എം. ബുക്ക്. നം | കരാറു കാരന് നൽകിയ തുക | ട്രഷറി ബിൽ നമ്പർ / തീയ്യതി | ഫണ്ട് | കാല താമസത്തിനുള്ള പിഴ യിനത്തിൽ ഈടാക്കിയ തുക |
|---|---|---|---|---|---|---|
| കുന്നം കിണറ്റും കര പുല്ലാഞ്ഞിപ്പാറ നാലിലകണ്ടം റോഡ് ടാറിംഗ് (പ്രൊ.നം. 0061/21) | പി. ഗോവിന്ദൻ | 71/ 2020-21 | ₹237443/- | 20200352006101 219658 തി.10.03.2021 (ബിൽ തുക ₹249646/-) | മെയിന്റനൻസ് ഫണ്ട് (റോഡ്) | ₹2,229/- |
| കാനോത്തും പൊയിൽ പട്ടോളി റോഡ് ടാറിംഗ് (പ്രൊ.നം. 0047/21) | പി. ഗോവിന്ദൻ | 64/ 2020-21 | ₹375373/- | 20200352006101 219600 തി.10.03.2021 (ബിൽ തുക ₹394728/-) | മെയിന്റനൻസ് ഫണ്ട് (റോഡ്) | ₹3,576/- |
| അട്ടുവേനി കടന്തക്കാട് റോഡ് നവീകരണവും കലുങ്ക് | പി. ഗോവിന്ദൻ | 237/ 19-20 | ₹4,50,996/- | 20200352006100 722044 തി.11.11.2020 | ധനകാര്യ കമ്മീഷൻ അവാർഡ് | ₹4,257/ |

| | | | | | | |
|---|---|---|---|---|---|---|
| നിർമ്മാണവും (പ്രൊ.നം. 0176/21) | | | | (ബിൽ തുക ₹261809/-) & 20200352006101158754 തി.26.02.2021 (ബിൽ തുക ₹214932/-) | | |
| ഐ.ടി.ഐ. പടുപാറ കന്നവളപ്പ് പലോത്ത് റോഡ് ടാറിംഗ് (പ്രൊ.നം. 0178/21) | ഇ.രവീന്ദ്രൻ | 84/ 2020-21 | ₹468318/- | 20200352006101293306 തി.19.03.2021 (ബിൽ തുക ₹492438/-) | ധനകാര്യ കമ്മീഷൻ അവാർഡ് | ₹4,424/ |
| അമ്മങ്ങോട് ചീനള്ള റോഡ് ടാറിംഗ് (പ്രൊ.നം. 0182/21) | പി. ഗോവിന്ദൻ | 232/ 19-20 | ₹4,73,681/- | 20200352006100721593 തി.11.11.2020 (ബിൽ തുക ₹498056/-) | ധനകാര്യ കമ്മീഷൻ അവാർഡ് | ₹4,451/ |
| ചീമേനി പിലാന്തോളി റോഡ് ടാറിംഗ് (പ്രൊ.നം. 0183/21) | ഇ.രവീന്ദ്രൻ | 238/ 19-20 | ₹786202/- | 20200352006100721563 തി.11.11.2020 (ബിൽ തുക ₹664080/-) & 20200352006100458953 തി.27.08.2020 (ബിൽ തുക ₹162633/-) | ധനകാര്യ കമ്മീഷൻ അവാർഡ്, മെയിന്റനൻസ് ഫണ്ട് (റോഡ്) | ₹7,443/- |
| കാലിച്ചാം പൊയിൽ പിലാവളപ്പ് റോഡ് ടാറിംഗ് (പ്രൊ.നം. 0184/21) | ഇ.രവീന്ദ്രൻ | 221/ 19-20 | ₹5,45,346/- | 2020035200610011587644 തി. 26.02.2021 (ബിൽ തുക ₹500000/-) & ചെക്ക് നം 549528 തി. 26.01.2021 (ബിൽ തുക 73466/- | ധനകാര്യ കമ്മീഷൻ അവാർഡ്, തനത് ഫണ്ട് . | ₹5,180/- |
| | | | | | ആകെ | 31,560/- |

**<u>1-22 തൊഴിലുറപ്പ് പദ്ധതി മെറ്റീരിയൽ വാങ്ങിയത്- കരാറുകാരിൽ നിന്നും നികുതികൾ ഈടാക്കിയിട്ടില്ല.</u>**

2017 ലെ സെൻട്രൽ ഗുഡ്സ് ആന്റ് സർവീസസ് ടാക്സ് ആക്റ്റിലെ വകുപ്പ് 51, കേന്ദ്ര സർക്കാരിന്റെ Central Board Of Indirect Taxes And Customs ന്റെ 13.09.2018 ലെ 50/2018 നമ്പർ നോട്ടിഫിക്കേഷൻ, കേന്ദ്ര റവന്യൂ വകുപ്പിന്റെ 14.09.2018 ലെ സർക്കുലർ നം 65/39/2018-DOR എന്നിവ പ്രകാരം 2,50,000 രൂപയിൽ അധികരിക്കുന്ന കരാർ തുകകൾ നൽകുമ്പോൾ 2% ജി.എസ്.ടി. സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് അടക്കേണ്ടതുണ്ട്. എന്നാൽ പഞ്ചായത്ത് നടപ്പിലാക്കിയ ചുവടെ ചേർത്ത പ്രവൃത്തികളിൽ സാധനങ്ങൾ വാങ്ങിയ വകയിൽ 2.5 ലക്ഷം രൂപയ്ക്ക് മുകളിൽ ഉള്ള പേമെന്റുകൾ നടത്തുമ്പോൾ ജി.എസ്.ടി. തുക കുറവ് ചെയ്ത് അടച്ചില്ല. അതുപോലെ 1961 ലെ ആദായ നികുതി നിയമത്തിലെ വകുപ്പ് 194 സി പ്രകാരം ഒരു സാമ്പത്തിക വർഷം ഒരു കരാറിൽ 30,000 രൂപയിൽ കൂടുതൽ തുക കരാറുകാരന് പേമെന്റ് നടത്തുമ്പോൾ 1% തുക സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് ആദായ നികുതി വകുപ്പിന് അടക്കേണ്ടതാണ്. കോവിഡ് 19 ന്റെ സാഹചര്യത്തിൽ 14.05.2020 മുതൽ 31.03.2021 വരെ ഈ നിരക്കിൽ 0.25% കുറവ് അനുവദിച്ചിട്ടുണ്ട്. ഈ കാലയളവിൽ 0.75% നികുതി സ്രോതസ്സിൽ നിന്നും കുറവ് ചെയ്യേണ്ടതാണ്. എന്നാൽ ചുവടെ ചേർത്ത പ്രവൃത്തികളുടെ സാമഗ്രികളുടെ തുക നൽകിയപ്പോൾ ആദായ നികുതി സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് ബന്ധപ്പെട്ട വകുപ്പിൽ അടച്ചിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ. നം. | പ്രവൃത്തിയുടെ പേര് | എഫ്.ടി.ഒ. നമ്പർ & തിയതി | കരാറുകാരന് നല്കിയ തുക (₹) | കരാറുകാരന്റെ പേര് | ആദായ നികുതി ഈടാക്കേണ്ട തുക (₹) | ജി.എസ്.ടി. (2%) ഈടാക്കേണ്ട തുക (₹) |
|---|---|---|---|---|---|---|
| 1 | ചാനടുക്കം മുത്തപ്പൻപാറ റോഡ് കോൺക്രീറ്റ് | FTO 452040 തീ:26.05.2020<br>FTO 452042 തീ:26.05.2020 | 3,71,708/- | കെ.ബാബു. | 2,788/- | 7,434/- |
| 2 | പൊതാവൂർ-തളിയൻമാട റോഡ് നവീകരണം | FTO 162491 തീ:28.07.2020<br>FTO 162578 തീ:28.07.2020 | 3,62,985/- | പി.വി.പദ്മനാഭൻ | 2,722/- | 7,260/- |
| 3 | നന്ദാവനം ഹെൽത്ത് സെന്റർ റോഡ് നിർമാണം | FTO 470495 തീ:28.07.2020 | 155770/- | കെ.ബാബു. | 1,168/- | 0 |
| 4 | നെല്ലൂർ-കിണർമുക്ക് റോഡ് നിർമാണം | FTO 245246 തീ:19.01.2021<br>FTO 245279 തീ:10.05.2021 | 3,25,440/- | എൻ.വി. പുരുഷോത്തമൻ. | 3,254/- | 6,509 |
| 5 | ചെറൂപ്പ പുല്ലാഞ്ഞിപ്പാറ റോഡ് സോളിംഗ്. | FTO 203834 തീ:26.05.2020 | 2,03,423/- | എൻ.വി. പുരുഷോത്തമൻ. | 1,526/- | 0 |
| 6 | ചാനടുക്കം പായം റോഡ് | FTO 140661 തീ:01.01.2020 | 1,38,312/- | എൻ.വി. പുരുഷോത്തമൻ | 1,037/- | 0 |

| | | | | | | |
|---|---|---|---|---|---|---|
| | സോളിംഗ്. | | | | | |
| | | | | ആകെ | 12,495/- | 21,203/- |

സ്രോതസ്സിൽ നിന്നും കുറവ് വരുത്തേണ്ട നികുതികൾ ഈടാക്കാത്തതിന് ഓഡിറ്റ് എൻക്വയറി നം. - 11/2020-21 തീയതി 08.10.2021 പ്രകാരം വിശദീകരണം ആവശ്യപ്പെട്ടിരുന്നു. ഇതിന് നൽകിയ മറുപടിയിൽ നിലവിൽ തൊഴിലുറപ്പ് പദ്ധതിയുടെ പ്രവൃത്തി വിവരങ്ങൾ രേഖപ്പെടുത്തുന്നതിനുള്ള എം.ഐ.എസ്. സോഫ്റ്റ് വെയറിൽ സ്രോതസ്സിൽ നിന്നും കുറവ് വരുത്തേണ്ട നികുതികൾ ഈടാക്കുന്നതിനുള്ള സംവിധാനം ലഭ്യമല്ലെന്നും ആയതിനുള്ള ക്രമീകരണങ്ങൾ സോഫ്റ്റ് വെയറിൽ ലഭ്യമാകുന്നമുറക്ക് റിക്കവറികൾ ഈടാക്കുന്നതാണ് എന്ന് വിശദീകരിക്കുകയുണ്ടായി. സ്രോതസ്സിൽ നിന്നും കുറവ് വരുത്തേണ്ട നികുതികൾ ഈടാക്കാത്തതിന് സോഫ്റ്റ് വെയറിൽ ആവശ്യമായ ക്രമീകരണങ്ങൾ വരുത്തുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-23 കള്ളപ്പാത്തി പൊതു ശ്മശാനം -നടത്തിപ്പ് മാർഗരേഖ തയ്യാറാക്കിയില്ല.

കയ്യൂർ ചീമേനി ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കള്ളപ്പാത്തി വാതക ശ്മശാനം നിലവിൽ പ്രവർത്തിക്കുന്നുണ്ടെങ്കിലും ശ്മശാനത്തിന്റെ നടത്തിപ്പ്, വരവ്-ചെലവു സംബന്ധിച്ച കാര്യങ്ങൾ തുടങ്ങിയ വിഷയങ്ങളുമായി ബന്ധപ്പെട്ട വിശദമായ ബൈലോ തയ്യാറാക്കി തുടർ പ്രവർത്തനങ്ങൾ നടത്തേണ്ടതാണ്.

## 1-24 അംഗനവാടി പൂരക പോഷകാഹാരം പദ്ധതികൾ : മോണിട്ടറിംഗ് ഫലപ്രദമല്ല

നിർവ്വഹണോദ്യോഗസ്ഥ – ഐ.സി.ഡി.എസ്. സൂപ്പർവൈസർ

2020-21 വർഷത്തിൽ അംഗനവാടി പൂരക പോഷകാഹാരം പദ്ധതിയുടെ (പ്രൊ.നം.0005/20-21) ഭാഗമായി പഞ്ചായത്തിലെ അങ്കണവാടികൾ മുഖേന മൂന്നു വയസ്സുവരെയുള്ള കുട്ടികൾക്ക് ന്യൂട്രിമിക്സ് വിതരണം ചെയ്തതിനും അങ്കണവാടികളിലെ മൂന്നു വയസ്സു മുതൽ ആറു വയസ്സു വരെയുള്ള കുട്ടികൾക്ക് പോഷകാഹാരം നൽകിയതിനുമായി 27,86,094/- രൂപ ചെലവഴിച്ചിട്ടുണ്ട്.

പദ്ധതി രൂപീകരണത്തിലും മോണിട്ടറിംഗിലും നിർണ്ണായക പങ്ക് വഹിക്കേണ്ട ഒരു സുപ്രധാന ഘടകമാണ് വർക്കിംഗ് ഗ്രൂപ്പുകൾ. 2020-21 കാലഘട്ടത്തിൽ സാമൂഹ്യ നീതി വർക്കിംഗ് ഗ്രൂപ്പ് രണ്ടു തവണയാണ് മീറ്റിംഗ് കൂടിയത്. 18-01-2021ലും 16-02-2021ലും നടന്ന ഈ യോഗങ്ങളുടെ മിനുട്സ് അദ്ധ്യക്ഷൻ ഒപ്പു വെച്ച് അവസാനിപ്പിച്ചിട്ടില്ല. പ്രൊജക്ട് നടപ്പിലാക്കുമ്പോൾ പാലിക്കേണ്ട മോണിട്ടറിംഗ് സംവിധാനത്തെക്കുറിച്ച് വ്യക്തമായ നിർദ്ദേശങ്ങൾ ജി.ഒ.(എം.എസ്) 11/2018/ ത.സ്വ.ഭ.വ. തി. 29-01-2018 പ്രകാരം നൽകിയിട്ടുണ്ട്. ആയവ താഴെ കാണിക്കുന്നു.

എ) മേൽ ഉത്തരവ് 13.1 അനുസരിച്ച് മോണിട്ടറിംഗ് സമിതി യോഗം ചേർന്ന് മോണിട്ടറിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണ ഉദ്യോഗസ്ഥനും ഭരണസമിതിക്കും നൽകേണ്ടതാണ്.

ബി) 13.2 അനുസരിച്ച് വർക്കിംഗ് ഗ്രൂപ്പിന്റെ കൺവീനർ നിർവ്വഹണ ഉദ്യോഗസ്ഥനാണെങ്കിൽ മറ്റൊരു ഉദ്യോഗസ്ഥനെ ഭരണസമിതി തീരുമാനിച്ച് സെക്രട്ടറി രേഖാമൂലം വർക്കിംഗ് ഗ്രൂപ്പിനെ അറിയിക്കേണ്ടതാണ്.

സി) 7.8.2.4 പ്രകാരം പോഷകാഹാര വിതരണം ഫലപ്രദമാണെന്ന് ഉറപ്പുവരുത്താൻ അങ്കണവാടി വെൽഫെയർ കമ്മറ്റി, നിരീക്ഷണ കമ്മറ്റി, ജനപ്രതിനിധികൾ എന്നിവരുടെ ഇടപെടൽ ഭരണസമിതി ഉറപ്പുവരുത്തേണ്ടതായിരുന്നു. കോവിഡ് കാലത്ത് അംഗൻവാടികൾ അടഞ്ഞുകിടന്ന കാലഘട്ടത്തിൽ അങ്കണവാടി പൂരക പോഷകാഹാരം പദ്ധതികളുടെ നടത്തിപ്പിൽ മേൽ പറഞ്ഞ നടപടികൾ തീർച്ചയായും സ്വീകരിക്കേണ്ടതായിരുന്നെങ്കിലും അപ്രകാരം പ്രവർത്തിക്കാതിരുന്നതിന് അഭിപ്രായവും വിശദീകരണവും നൽകേണ്ടതാണ് കൂടാതെ മേൽ ഖണ്ഡിക (എ),(ബി),(സി) എന്നിവയിൽ പറഞ്ഞ നടപടികളുടെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

**1-25 ഹോമിയോ ആശുപത്രിയിലേയ്ക്ക് മരുന്ന വാങ്ങൽ - മുഴുവൻ തുകയ്ക്കുള്ള മരുന്ന് ലഭ്യമായില്ല**

നിർവ്വഹണം-ഹോമിയോ മെഡിക്കൽ ഓഫീസർ,

പ്രൊജക്ട്-ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ (പ്രൊജക്ട്നം- 0014/2020-21)

അടങ്കൽ :-3,00,000/- സംരക്ഷണഗ്രാന്റ് റോഡിതരം

ചെലവ് :- 3,00,000/- (ബിൽ നം.1 /13.01.2021 )

മേൽ ബിൽ മുഖാന്തിരം ഹോമിയോ ആശുപത്രിയിലേയ്ക്ക് ആവശ്യമായ മരുന്നുകൾ വാങ്ങാനായി 3,00,000/- രൂപ കേരള സ്റ്റേറ്റ് ഹോമിയോപ്പതിക്ക് കോ-ഓപ്പറേറ്റീവ് ലിമിറ്റഡിന് കൈമാറിയിട്ടുണ്ട്. നാളിതു വരെ 36,283/- രൂപയുടെ മരുന്നുകളാണ് ലഭ്യമായിട്ടുള്ളത്. 2,63,717/- രൂപയുടെ മരുന്ന് ഇനിയും ലഭിക്കാനുണ്ട്. പ്രസ്തുത മരുന്ന് ലഭ്യമാക്കാൻ സ്വീകരിച്ച നടപടി അറിയിക്കേണ്ടതാണ്. 2020-21വർഷത്തെ വാർഷിക പദ്ധതിയ്ക്ക് 17-4-20 ന് തന്നെ അംഗീകാരം ലഭിച്ചിട്ടുള്ളതാണ്. എന്നാൽ മരുന്ന വാങ്ങാനുള്ള തുക കൈമാറിയത് വർഷാവസാനത്തിൽ മാത്രമാണ്. പദ്ധതി നിർവ്വഹണത്തിലുണ്ടാവുന്ന കാലതാമസത്തിന് വിശദീകരണം നൽകേണ്ടതാണ്. മരുന്ന് നാളിതുവരെ ലഭ്യമല്ലാത്തതിനാൽ 2,63,717/- രൂപയുടെ ചെലവ് തടസ്സത്തിൽ വെയ്ക്കുന്നു.

**1-26 വിവിധ പട്ടിക ജാതി കോളനികളിൽ തെരുവ് വിളക്ക് സ്ഥാപിക്കൽ - സ്ഥാപിച്ചതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല**

| | |
|---|---|
| പ്രൊജക്ട് നം. | 0045/20-21 |
| പ്രൊജക്ടിന്റെ പേര് | വിവിധ പട്ടികജാതി കോളനികളിൽ തെരുവ് വിളക്ക് സ്ഥാപിക്കൽ |
| അടങ്കൽ | 1,76,740/- |
| ഫണ്ടിനം | എസ്.സി.പി. |
| ചെലവ് | 1,76,740/- |
| ബിൽ നം. | 11/27.11.2020 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |

ഗ്രാമ പഞ്ചായത്തിലെ പട്ടികജാതി കോളനികളിൽ LED തെരുവ് വിളക്കുകൾ സ്ഥാപിക്കാനാണ് ഈ പ്രൊജക്ട് ലക്ഷ്യമിടുന്നത്. പ്രൊജക്ട് പ്രകാരം വിവിധ പട്ടികജാതി കോളനികളിൽ സ്ഥാപിക്കുന്നതിനായി യൂണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ലിമിറ്റഡ്, പള്ളിമുക്ക്, കൊല്ലം എന്ന സ്ഥാപനത്തിൽ നിന്നും ഇൻവോയ്സ് നം.538 തീയതി 19.11..2010 പ്രകാരം 24/25 വാട്ടിന്റെ 66 എൽ.ഇ.ഡി സ്ട്രീറ്റ് ലൈറ്റുകൾ 1,60,380/-രൂപയ്ക്ക് വാങ്ങിയിട്ടുണ്ട് . കൂടാതെ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുന്നതിനുള്ള ചെലവായി സുധീഷ് കുമാർ.കെ, തിമിരി എന്ന വ്യക്തിക്ക് 16,360/- രൂപ നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഈ പ്രവൃത്തി പൂർത്തീകരിച്ച് എൽ.ഇ.ഡി സ്ട്രീറ്റ് ലൈറ്റുകൾ 66 എണ്ണവും പ്രവർത്തനക്ഷമമാണെന്ന സാക്ഷ്യ പത്രം, സ്ട്രീറ്റ് ലൈറ്റുകൾ ഏതെല്ലാം കോളനികളിൽ എത്ര എണ്ണം വീതം സ്ഥാപിച്ചു എന്നതിന്റെ സാക്ഷ്യപത്രങ്ങൾ , മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് എന്നിവ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. പ്രസ്തുത രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കുന്നതുവരെ മേൽ

പ്രകാരമുള്ള 1,76,740 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു (ഓഡിറ്റ് എൻക്വയറി നം. 16/20-21/08.10.2021).

**1-27 പട്ടികജാതി കുടുംബങ്ങൾക്ക് പി.വി.സി വാട്ടർ ടാങ്ക് -അപകാതകൾ**

അസിസ്റ്റന്റ് സെക്രട്ടറി നടപ്പിലാക്കിയ പട്ടികജാതി കുടുംബങ്ങൾക്ക് പി.വി.സി. വാട്ടർ ടാങ്ക് (പ്രൊ.നം.0031/20-21) എന്ന പദ്ധതി പ്രകാരം വികസനഫണ്ട് എസ്.സി.പി. വിഹിതത്തിൽ നിന്നും 90,000/- രൂപയും ഗുണഭോക്തൃ വിഹിതത്തിൽ നിന്നും 30,000/- രൂപയും ഉൾപ്പടെ 1,20,000/- രൂപ ഓഡിറ്റ് വർഷം വിനിയോഗിച്ചിട്ടുണ്ട്. പദ്ധതിയുടെ ഗുണഭോക്താക്കളായി തെരെഞ്ഞെടുക്കപ്പെട്ട താഴെ കൊടുത്തിരിക്കുന്ന വ്യക്തികൾ പട്ടികജാതിയിൽ പെട്ടവരാണെന്ന തെളിയിക്കുന്നതിനുള്ള ജാതി സർട്ടിഫിക്കറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് |
|---|---|
| 1 | മനീഷ്, ടി.പി |
| 2 | ലക്ഷ്മണൻ.യു |
| 3 | വിലാസിനി.എം, കുപ്പമണ്ണ്, പെട്ടിക്കുണ്ട് |
| 4 | യു.വേണു, ഊച്ചിത്തീടിൽ, വലിയപൊയിൽ |
| 5 | സുമിത്ര.പി.സി, ഊച്ചിത്തീടിൽ, വലിയപൊയിൽ |
| 6 | അനീഷ് കുമാർ.പി.എം, പുലിക്കുണ്ട്, തിമിരി |
| 7 | പി.എം.കൃഷ്ണൻ, പുലിക്കുണ്ട്, തിമിരി |
| 8 | രുഗ്മിണി.ടി, പെട്ടിക്കുണ്ട് |

മേൽ സൂചിപ്പിച്ച ഗുണഭോക്താക്കൾ പട്ടികജാതിയിൽപ്പെട്ടവരാണെന്ന് തെളിയിക്കുന്നതിനുള്ള രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

**1-28 കോവിഡ് ഫസ്റ്റ് ലൈൻ ട്രീറ്റ്മെന്റ് സെന്റർ പ്രവർത്തനം -അവലോകനം**

സ.ഉ.(സാധാ) നം.1364/2020 ത.സ്വ.ഭ.വ. തി. 16.7.2020സർക്കാർ ഉത്തരവ് പ്രകാരം കോവിഡ് 19 രോഗവ്യാപനം തടയുന്നതിനും നിയന്ത്രിക്കുന്നതിനുമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ CFLTC കൾ സജ്ജീകരിക്കുന്നതിനായി വിശദമായ മാർഗ്ഗ നിർദ്ദേശം സർക്കാർ പുറപ്പെടുവിക്കുകയുണ്ടായി. ഇതനുസരിച്ച് ചീമേനിയിലെ തൃക്കരിപ്പൂർ എഞ്ചിനിയറിംഗ് കോളേജിലാണ് ഗ്രാമ പഞ്ചായത്തിന്റെ നേതൃത്വത്തിൽ CFLTC സജ്ജീകരിച്ചത്. ഇതിന്റെ നടത്തിപ്പ് ചെലവുകൾക്കായി കാസറഗോഡ് ജില്ലാ ദുരന്ത നിവാരണ അതോറിറ്റി ചെയർമാനായ ജില്ലാ കളക്ടറുടെ 23/07/2020 ലെ ഉത്തരവ് നം: DCKSGD/5321/2020-K1 പ്രകാരം 10 ലക്ഷം രൂപ ഗ്രാമ പഞ്ചായത്തിന് അനുവദിക്കുകയുണ്ടായി. സെക്രട്ടറി ഈ തുക കോവിഡ് ഫസ്റ്റ് ലൈൻ ട്രീറ്റ്മെന്റ് സെന്റർ മാനേജിംഗ് കമ്മിറ്റിയുടെ ജോയിന്റ് അക്കൗണ്ടിലേക്ക് (A/C No 39520089944 ചെയർമാൻ & നോഡൽ ഓഫീസർ) നൽകിയിട്ടുണ്ട്. പ്രസ്തുത തുകയിൽ നിന്നും CFLTC യുടെ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനായി 8/2020 മുതൽ

01/2021 വരെയുള്ള കാലയളവിൽ 6.77 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. ഇതിൽ 5.46 ലക്ഷം രൂപ മരാമത്ത് പ്രവൃത്തികൾക്കായാണ് വിനിയോഗിച്ചിട്ടുള്ളത് . കൂടാതെ 89,996/- രൂപ വിനിയോഗിച്ച് കയർഫെഡ്ഡിൽ നിന്നും 120 കിടക്കകളും, വാങ്ങിയിട്ടുണ്ട്.

സജ്ജീകരണങ്ങൾ തയ്യാറാക്കിയെങ്കിലും CFLTC പ്രവർത്തനം ആരംഭിക്കാത്തതിനാൽ തൃക്കരിപ്പൂർ എഞ്ചിനിയറിംഗ് കോളേജിൽ സ്ഥാപിച്ച സാമഗ്രികൾ ഗ്രാമ പഞ്ചായത്തിലെ കയ്യൂർ എഫ്.എച്ച്.സി.യിലേയ്ക്ക് 2020 ഡിസംബർ 31 നകം കൈമാറുവാൻ 21.12.2020 ലെ CFLTC മാനേജിംഗ് കമ്മിറ്റി യോഗം തീരുമാനിച്ചിരുന്നു. ഓഡിറ്റ് എൻക്വയറി.നം.10/2020-21 തി.08.10.2021 ന് ഗ്രാമ പഞ്ചായത്ത് സെക്രട്ടറി ലഭ്യമാക്കിയ മറുപടിയിൽ CFLTC യിൽ സജ്ജീകരിച്ച ബെഡ്ഡുകൾ , പാത്രങ്ങൾ എന്നിവ ഗ്രാമ പഞ്ചായത്ത് ബഡ്സ് സ്കൂളിൽ സൂക്ഷിച്ചിട്ടുണ്ടെന്നും, ഇതിൽ 30 ബെഡ്ഡുകളും പാത്രങ്ങളും കയ്യൂർ ഐ.ടി.ഐ. യിൽ പ്രവർത്തിക്കുന്ന ഡൊമിസിലറി കെയർ സെന്ററിന് കൈമാറിയിട്ടുണ്ടെന്നും അറിയിക്കുകയുണ്ടായി. CFLTC യിൽ സ്ഥാപിച്ച ക്യാബിനുകളും , മറ്റ് സാമഗ്രികളും ഗ്രാമ പഞ്ചായത്ത് കുടുംബാരോഗ്യകേന്ദ്രത്തിന്റെ ആവശ്യത്തിന് ഫലപ്രദമായി വിനിയോഗിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. അതുപോലെ വിനിയോഗിക്കാത്ത ബെഡ്ഡുകൾ, പാത്രങ്ങൾ എന്നിവയുടെ കാര്യത്തിൽ ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയുമായി ബന്ധപ്പെട്ട് തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

നിലവിൽ CFLTC കളുടെ പ്രവർത്തനങ്ങൾ / തുടർ പ്രവർത്തനങ്ങൾ സംബന്ധിച്ച നിർദ്ദേശങ്ങളില്ലാത്തതിനാൽ ഈ അക്കൗണ്ടിൽ ചെലവഴിക്കുവാൻ അവശേഷിക്കുന്ന ₹3,22,223/- രൂപ ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയുടെ നിർദ്ദേശങ്ങൾക്കനുസൃതമായോ സർക്കാർ നിർദ്ദേശങ്ങൾക്കനുസൃതമായോ വിനിയോഗിക്കുന്നതിനോ, ഗ്രാമ പഞ്ചായത്ത് തനത് ഫണ്ടിൽ നിന്നും കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്ക് വിനിയോഗിച്ച തുകയിൽ ക്രമീകരിക്കുന്നതിനോ വേണ്ട നടപടിക്രമങ്ങൾ സ്വീകരിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം. 10/20-21 തിയതി 08.10.2021).

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷനിൽ കണക്കുകൾ പരിശോധിച്ച തീയ്യതി | സർട്ടിഫിക്കറ്റ് നമ്പർ/തീയ്യതി |
|---|---|---|
| 2019-20 | 29-09-2021 & 30-09-2021 | അനുബന്ധം 1 ൽ ഓഡിറ്റ് സർട്ടിഫിക്കറ്റ് ഉൾപ്പെടുത്തിയിട്ടുണ്ട് |

### 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം | തുക | ലഭിച്ച | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|

| നൽകിയ സ്ഥാപനം | ലഭിച്ച വർഷം | തുക | | | |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 916577 | പ്രൊ.നം.0134/21കള്ളപ്പാത്തി പൊതു ശ്മശാനം | 916577 | 0 |
| | 2020-21 | 10000 | പ്രൊ.നം.0142/21 ലൈഫ് ഭവന പദ്ധതി (എസ്.ടി.) (SO) | 10000 | 0 |
| | 2020-21 | 360000 | പ്രൊ.നം.0263/21 ലൈഫ് ഭവന പദ്ധതി (എസ്.സി.) | 360000 | 0 |
| | 2020-21 | 300000 | പ്രൊ.നം.-0007/21- ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്കുള്ള സ്കോളർഷിപ്പ് | 300000 | 0 |
| | 2020-21 | 49775 | പ്രൊ.നം.0035/21പാലിയേറ്റീവ് കെയർ | 49775 | 0 |
| | 2020-21 | 541746 | പ്രൊ.നം.0017/21 സമഗ്ര നെൽകൃഷി വികസനം | 541746 | 0 |
| | 2020-21 | 850000 | പ്രൊ.നം.0119/21 ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 850000 | 0 |
| ജില്ലാ പഞ്ചായത്ത് | 2020-21 | 240000 | പ്രൊ.നം.0070/21 ലൈഫ് ഭവന പദ്ധതി | 240000 | 0 |
| | 2020-21 | 290000 | പ്രൊ.നം.0200/21-ലൈഫ് ഭവന പദ്ധതി വിഹിതം (SO) | 290000 | 0 |
| | 2020-21 | 85000 | പ്രൊ.നം.0263/21 ലൈഫ് ഭവന പദ്ധതി (എസ്.സി ) | 85000 | 0 |
| | 2020-21 | 80000 | പ്രൊ.നം.0264/21 ലൈഫ് ഭവന പദ്ധതി (എസ്.ടി.) | 80000 | 0 |
| | 2020-21 | 425000 | പ്രൊ.നം.0007/21 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്കുള്ള സ്കോളർഷിപ്പ് | 425000 | 0 |
| | 2020-21 | 100000 | പ്രൊ.നം. 0044/21 അഗതി രഹിത കേരളം | 100000 | 0 |
| | 2020-21 | 100000 | പ്രൊ.നം.0167/21 അഗതി രഹിത കേരളം (SO) | 100000 | 0 |
| | 2019-20<br>2020-21 | 2291144 | പ്രൊ.നം.0134/21 കള്ളപ്പാത്തി പൊതു ശ്മശാനം | 2291144 | 0 |
| | 2020-21 | 100000 | പ്രൊ.നം.0035/21 പാലിയേറ്റീവ് കെയർ | 100000 | 0 |
| | 2020-21 | 510000 | പ്രൊ.നം.0007/21സമഗ്ര നെൽകൃഷി വികസനം | 510000 | 0 |
| | 2020-21 | 237086 | പ്രൊ.നം.0158/21 സമഗ്ര നെൽകൃഷി വികസനം (SO) | 237086 | 0 |
| | 2020-21 | 183750 | പ്രൊ.നം.0226/21 തരിശുനില കൃഷി (സുഭിക്ഷ കേരളം) | 183750 | 0 |
| | 2020-21 | 677598 | പ്രൊ.നം.0161/21 ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി (SO) | 677598 | 0 |
| | 2020-21 | 1000000 | പ്രൊ.നം.0119/21 ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 1000000 | 0 |

## 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ എജൻസി | പ്രൊജക്റ്റിന്റെ പേര് | വൗച്ചർ നം / ബിൽ .നം | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കുവാൻ അവശേഷിക്കുന്ന തുക |
|---|---|---|---|---|---|
| KSEB കയ്യൂർ സെക്ഷൻ | പ്രൊ.നം.0169/20-21 സ്ട്രീറ്റ് മെയിൻ ലൈൻ ദീർഘിപ്പിക്കൽ (സ്പിൽ ഓവർ) | ബിൽ.നം.3 തി.14.05.20 | 4,35,975/- | 4,35,975/- | 0 |
| | | ബിൽ.നം.4 തി.14.05.20 | 2,91,991/- | 2,91,991/- | 0 |
| | | ബിൽ.നം .5 തി.14.05.20 | 4,43,291/- | 4,43,291/- | 0 |
| KSEB | പ്രൊ.നം.0168/20-21 | ബിൽ.നം .1 തി.21.04.20 | 88,972/- | 88,972/- | 0 |

| | | | | | |
|---|---|---|---|---|---|
| കയ്യൂർ സെക്ഷൻ | എസ്.സി കോളനികളിൽ സ്ട്രീറ്റ് മെയിൻ ലൈൻ ദീർഘിപ്പിക്കൽ (സ്പിൽ ഓവർ) | | | | |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിക്കുവാൻ അവശേഷിക്കുന്നത്

ഇല്ല.

## 4-5 വായ്പ/വായ്പ തിരിച്ചടവ്

ലൈഫ് ഭവന പദ്ധതി വായ്പയിനത്തിൽ 8,80,000/- രൂപ തൻ വർഷം വരവുണ്ട്. ലഭിച്ച വായ്പ തുകയുടെ വിവരവും വായ്പയിനത്തിലുള്ള തിരിച്ചടവിന്റെ വിവരവും ചുവടെ ചേർക്കുന്നു.

| വായ്പയുടെ പേര് / ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടക്കാൻ ബാക്കി ഉണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി (KURDFC) വായ്പ | ജി.ഒ.(എം.എസ്) നം. 68/2018/ ത.സ്വ.ഭ.വ. 18.5.2018,ജി.ഒ. (എം.എസ്) നം. 111/2018/ ത.സ്വ.ഭ.വ. 13.8.2018 | ₹18123307 | ₹15935072 + (തൻ വർഷ വരവ് 880000) =16815072 | ₹1512232 | 0 | ₹15302840/- |

## 4-6 സ്ഥിര നിക്ഷേപങ്ങൾ

ഇല്ല.

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല.

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

ഗ്രാമ പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2014-15 | 2.1, 2.2, 2.3, 2.4 | 2016-17 | അധ്യായം 2 അനുബന്ധം-4 | തൊഴിൽനികുതി ഈടാക്കാത്തത് | മറുപടി സമർപ്പിച്ചിട്ടുണ്ട് |
| 2015-16 | 2.4, 2.5 | 2016-17 | അധ്യായം 2 അനുബന്ധം-5 | തൊഴിൽ നികുതി ഈടാക്കാത്തത് | മറുപടി സമർപ്പിച്ചിട്ടുണ്ട് |

## 4-9 ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം

**എ)** ചാർജ്ജ് നടപടികൾ മുഖേന ഈടാക്കിയ തുക – ഇല്ല

**ബി)** സർചാർജ്ജ് നടപടികൾ മുഖേന ഈടാക്കിയ തുക – ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹8,58,37,745/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹9,28,40,701/- |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല. |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ₹33498 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹4,73,507/- |

(ബി). ഗ്രാമ പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| ഇല്ല | ഇല്ല | ഇല്ല | ഇല്ല |

**<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-18 | ₹33,050/- | രമേശൻ.പി.വി , പ്രധാനാധ്യാപകൻ |
| 1-25 | ₹2,63,717/- | ഡോ.മുജീബ്റഹ്മാൻ.സി.എച്ച്, മെഡിക്കൽ ഓഫീസർ ഹോമിയോ |
| 1-26 | ₹1,76,740/- | മേഘനാഥൻ.പി, അസിസ്റ്റന്റ് സെക്രട്ടറി |
| ആകെ | ₹4,73,507/- | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-22 | ₹12,295/- ആദായ നികുതി ₹21,203/- ജി.എസ്.ടി | കൃഷ്ണകുമാർ.ടി.കെ , സെക്രട്ടറി |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഇല്ല | ഇല്ല | ഇല്ല |

## 4-11 തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1998-99 | കെ.എസ്.എ.കെ.എസ്.ഡി9 / 158/19 (2), തി: 16.05.2019 | 4 |
| 1999-2000 | എൽ.എഫ്.കെ.എസ്.ഡി -3/ 223/13, തി: 20/03/2013 | 13 |
| 2000-01 പ്ലാൻ | കെ.എസ്.എ.കെ.എസ്.ഡി- 11/643/16, തി: 19 | 6 |
| 2001-02 പ്ലാൻ | എൽ.എഫ്.കെ.എസ്.ഡി- 3 /926/11, തി: 10/08/2012 | 5 |
| 2000-01 (F) | എൽ.എഫ്.കെ.എസ്.ഡി- 3 / 926/11, തി: 10/08/2012 | 7 |
| 2001-02 (F) | എൽ.എഫ്.കെ.എസ്.ഡി-3 / 926/11, തി: 10/08/2012 | 7 |
| 2002-03 | എൽ.എഫ്.കെ.എസ്.ഡി-3/ 927/11, തി:21.03.2012 | 3 |
| 2003-04 | എൽ.എഫ്. കെ.എസ്.ഡി3/ 46/10, തി:13.05.2011 | 9 |
| 2004-05 | എൽ.എഫ്. കെ.എസ്.ഡി3 /393/12, തി:02.06.2012 | 5 |
| 2005-06 | എൽ.എഫ്. കെ.എസ്.ഡി4 /765/12 , തി:27.10.11/16.04.12 | 4 |
| 2006-07 | എൽ.എഫ്. കെ.എസ്.ഡി 9 /912//18, തി:02.08.2012 | 3 |
| 2007-08 | എൽ.എഫ്. കെ.എസ്.ഡി7/ 86/13, തി: 09.04.2013 | 10 |
| 2008-09 | എൽ.എഫ്. കെ.എസ്.ഡി-7/428/13, തി:25/07/2013 | 9 |
| 2009-10 2010-11 | എൽ.എഫ്. കെ.എസ്.ഡി-9/238/16 തി: 09/09/2016 | 19 |
| 2011-12 | എൽ.എഫ്. കെ.എസ്.ഡി -8/344/15, തി: 10/06/2015 | 19 |
| 2012-13, 2013-14 | എൽ.എഫ്. കെ.എസ്.ഡി -8/600/2015 , തി: 05/11/2015 | 10 |
| 2014-15 | കെ.എസ്.എ/ കെ.എസ്.ഡി-9/1337/2017 തി:01/01/2018 | 17 |
| 2015-16 | കെ.എസ്.എ/കെ.എസ്.ഡി 9-538/2017 തി.05/06/17 | 17 |
| 2016-17 | കെ.എസ്.എ/കെ.എസ്.ഡി 9-590/18 തി.25/06/18 | 17 |
| 2017-18 | കെ.എസ്.എ/കെ.എസ്.ഡി 9 -1227/2018 തി.06/6/19 | 20 |
| 2018-19 | കെ.എസ്.എ/കെ.എസ്.ഡി 9 -988/2019 തി.29/10/19 | 16 |
| 2019-20 | കെ.എസ്.എ-കെ.എസ്.ഡി 10/701/2021 തി. 16.11.2021 | 19 |

തീർപ്പാക്കുവാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസർഗോഡ്.

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കാസർഗോഡ് ജില്ലയിലെ കയ്യൂർ ചീമേനി ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കാസർഗോഡ് ജില്ലയിലെ കയ്യൂർ ചീമേനി ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം - 3

## ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്

| | | | |
|---|---|---|---|
| | Kayyur - Cheemeni Grama Panchayat<br>INCOME & EXPENDITURE STATEMENT | | |
| | For the period from 01-April-2020 to 31-March-2021 | | |
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 110000000 | Tax Revenue | I-1 | 5775761.00 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 116259.00 |
| 140000000 | Fee & User Charges | I-4(b) | 816845.00 |
| 150000000 | Sale & Hire Charges | I-5(b) | 294707.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 173608243.00 |
| 171000000 | Interest Earned | I-8 | 202088.00 |
| 180000000 | Other Income | I-9 | 10055.00 |
| | Total Income | | 180823958.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 9042469.00 |
| 220000000 | Administrative Expenses | I-11(b) | 1846904.00 |
| 230000000 | Operations & Maintenance | I-12(b) | 1787658.00 |
| 240000000 | Interest & Finance Charges | I-13 | 850.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 12727879.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 73969753.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 2046953.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 176633.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 58790800.00 |
| 255000000 | Maintenance Projects | I-14(e) | 14817163.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-15(a) | 1000000.00 |
| | Total Expenditure | | 176207062.00 |
| | Gross Surplus/ Deficit of income over Expenditure | | 4616896.00 |
| 280000000 | Prior Period Item | I-18 | 20594.00 |
| | Gross Surplus/Deficit of Income over Expenditure after prior period items. | | 4596302.00 |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

## അനുബന്ധം - 4

## റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ്

**Kayyur - Cheemeni Grama Panchayat**

| RECEIPT & PAYMENT STATEMENT | | | |
|---|---|---|---|
| For the period from 01-April-2020 to 31-March-2021 | | | |
| Code.No | Description of Items | Schedule No | Amount |
| | **RECEIPTS** | | |
| | **Opening Balance** | | |
| Bank | Bank | RP-40(a) | 19420051.00 |
| Cash | Cash | RP-40(a) | 0.0 |
| | **Operating** | | |
| 110000000 | Tax Revenue | RP-1 | 2020450.00 |
| 130000000 | Rental income from Panchayat Properties | RP-3 | 3000.00 |
| 140000000 | Fees & User Charges | RP-4 | 668895.00 |
| 150000000 | Sale & Hire Charges | RP-5 | 294707.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 67569503.00 |
| 171000000 | Interest Earned | RP-9 | 202088.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 7172521.00 |
| 350000000 | Other Liabilities | RP-36 | 2091169.00 |
| | **Non Operating** | | |
| 180000000 | Other Income | RP-10 | 10067.00 |
| 330000000 | Secured Loans | RP-32 | 880000.00 |
| 340000000 | Deposits Received | RP-34 | 629020.00 |
| 350000000 | Other Liabilities | RP-36 | 222697.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 3830848.00 |
| 460000000 | Loans, Advances and Deposits | RP-47 | 242780.00 |
| | **Grand total** | | **105257796.00** |
| | **PAYMENTS** | | |
| | **Operating** | | |
| 210000000 | Establishment Expenses | RP-11 | 2438468.00 |
| 220000000 | Administrative Expenses | RP-12 | 1519215.00 |
| 230000000 | Operations & Maintenance | RP-13 | 1627658.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 10440192.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 17820663.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 2084547.00 |
| 253000000 | Decentralised Plan Programme- Projects not included in Sector Division | RP-18 | 176633.00 |
| 254000000 | Expenditures of Transferred institutions and State Sponsored Schemes | RP-19 | 553000.00 |
| 255000000 | Maintenance Projects | RP-20 | 14817163.00 |
| 280000000 | Prior Period item | RP-26 | -600.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 543172.00 |
| 350000000 | Other Liabilities | RP-36 | 6580778.00 |
| | **Non Operating** | | |
| 240000000 | Interest & Finance Charges | RP-14 | 750.00 |
| 280000000 | Prior Period Item | RP-26 | -10320.00 |
| 330000000 | Secured Loans | RP-32 | 253800.00 |
| 340000000 | Deposits Received | RP-34 | 8021.00 |

| | | | |
|---|---|---|---|
| 350000000 | Other Liabilities | RP-36 | 1217936.00 |
| 410000000 | Fixed Assets | RP-38 | 13159926.00 |
| 412000000 | Capital work in Progress | RP-40 | 9583347.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 6946501.00 |
| 440000000 | Pre-paid Expenses | RP-45 | 940000.00 |
| 460000000 | Loans, Advances and Deposits | RP-47 | 2139851.00 |
| | **Closing Balance** | | |
| Bank | Bank | RP-40(b) | 12317965.00 |
| Cash | Cash | RP-40(b) | 99130.00 |
| | **Grand Total** | | **105257796.00** |

## അനുബന്ധം - 5
## ബാലൻസ് ഷീറ്റ്

| | | | |
|---|---|---|---|
| | **Kayyur - Cheemeni Grama Panchayat BALANCE SHEET** | | |
| | As on 31-March-2021 | | |
| Code.No | Description of Items | Schedule No | Amount |
| | **LIABILITIES** | | |
| | **Reserve & Surplus** | | |
| 310000000 | Panchayat / Municipal Fund | B-1 | 5613856.00 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 0.0 |
| 312000000 | Reserves | B-3 | 95590920.00 |
| | **Total Reserve & Surplus** | | **101204776.00** |
| | **Grants, Contributions for Specific Purposes** | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 7017750.00 |
| | **Total Grants, Contributions for Specific Purposes** | | **7017750.00** |
| | **Loans** | | |
| 330000000 | Secured Loans | B-5 | 15302840.00 |
| | **Total Loans** | | **15302840.00** |
| | **Current Liabilities & Provisions** | | |
| 340000000 | Deposits Received | B-7 | 699148.00 |
| 350000000 | Other Liabilities | B-9 | 1800333.00 |
| | **Total Current Liabilities and Provisions** | | **2499481.00** |
| | **TOTAL LIABILITIES** | | **126024847.00** |
| | **ASSETS** | | |
| | **Fixed Assets** | | |
| 410000000 | Fixed Assets | B-11 | 129655725.00 |
| 411000000 | Accumulated Depreciation | B-11 | -40208716.00 |
| 412000000 | Capital Work in Progress | B-11(a) | 375723.00 |
| | **Total Fixed Assets** | | **89822732.00** |
| | **Investments** | | |
| | **Current Assets, Loans and Advances** | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 7013616.00 |

| | | | |
|---|---|---|---|
| 440000000 | Pre-paid Expenses | B-16 | 15302840.00 |
| 450000000 | Cash and Bank Balance | B-17 | 12417095.00 |
| 460000000 | Loans, Advances and Deposits | B-18 | 1468564.00 |
| | **Total Current Assets, Loans and Advances** | | **36202115.00** |
| | | | |

| | |
|---|---|
| Other Assets | |
| Miscellaneous Expenditure (To the Extent not written off) | |
| TOTAL ASSETS | **126024847.00** |

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കാസർഗോഡ്.